# നന്മയുടെ തരൂർ
## തരൂരിന് ഒരു മാനിഫെസ്റ്റോ

**ആമുഖം**

മാറിയ കാലത്തിനൊപ്പം നമ്മുടെ കാഴ്ചകൾക്കും കാഴ്ചപ്പാടുകൾക്കും മാറ്റം അനിവാര്യ മാണ്. ആ മാറ്റത്തിനൊപ്പം സഞ്ചരിക്കാനുള്ള പാതയാകണം 2026-നിയമസഭാ തെരഞ്ഞെ ടുപ്പ്. അടിസ്ഥാന സൗകര്യ വികസനത്തിനൊപ്പം നാടിന്റെ വളർച്ചയും പുരോഗതിയും ക്ഷേമപ്രവർത്തനങ്ങളും പ്രദേശിക സാമ്പത്തിക വികസനവും സാധ്യമാകുന്ന നന്മയുടെ നാടായി തരൂർ മാറുവാൻ ജനപങ്കാളിത്തവും കൂട്ടായ്മയും ആവശ്യമാണ്.

രാഷ്ട്രീയ പാർട്ടികളും മുന്നണികളും കാലാകാലങ്ങളിൽ തയ്യാറാക്കുന്ന പ്രകടനപത്രി യുടെ സ്വഭാവം സ്വാഭാവികമായി കേരളത്തിന്റെ വിശാലമായ കാൻവാസാണ്. അതു കൊണ്ട് തന്നെ ഓരോ നിയമസഭാ മണ്ഡലത്തിന്റെയും പ്രാദേശിക വിഷയങ്ങൾ അട യാളപ്പെടുത്താറില്ല. ജനപ്രതിനിധികൾക്ക് ലഭ്യമാകുന്ന പ്രാദേശിക വികസന ഫണ്ടും ആസ്തി വികസന ഫണ്ടും  വിനിയോഗിക്കുമ്പോൾ പലപ്പോഴും നിയോജക മണ്ഡല ത്തിന്റെ വികസന, ക്ഷേമപ്രവർത്തനങ്ങൾ പൊതുസമൂഹം ആഗ്രഹിക്കുന്ന വിധത്തിൽ പ്രാവർത്തികമാക്കുവാൻ ഏറെ പരമിതികളുണ്ട്. അവിടെയാണ് പൊതുസമൂഹ പങ്കാളി ത്തത്തോടെ നവീന ആശയങ്ങളും വികസന കാഴ്ചപ്പാടുകളും അവർ തന്നെ പറഞ്ഞും രേഖപ്പെടുത്തിയും തയ്യാറാക്കുന്ന **നന്മയുടെ തരൂർ - തരൂരിന്  ഒരു മാനിഫെസ്റ്റോ -** നയരേഖ. അധികാര വികേന്ദ്രീകരണം നാടിന്റെ ക്ഷേമപ്രവർത്തനങ്ങളുടെ ഫലപ്രദമായ ഇടമാണ്. അതുകൊണ്ട് തന്നെ ത്രിതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളുമായി സഹക രിച്ച് നിയമസഭാമണ്ഡലത്തിൽ സംയുക്ത, സംയോജിത പദ്ധതികൾ ആവിഷ്ക്കരിക്കു വാനുള്ള ഒരു വികസന പരിപ്രേഷ്യം നമുക്ക് തരൂർ നിയമസഭാ നിയോജകമണ്ഡല ത്തിൽ വികസിപ്പിച്ചെടുക്കുവാൻ കഴിയും.

ഈ ഒരു ദൗത്യത്തിന്റെ ഭാഗമായി തരൂർ നിയോജക മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായ ത്തുകളിൽ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെയും (FGD – Focus Group Discussions)വിദഗ്ധരു മായി നേരിൽ സംസാരിച്ച് (Key Informant Interviews)തയ്യാറാക്കിയതാണ് ഈ നയരേഖ. എട്ട് വിഷയമേഖലകളിൽ വിവരശേഖരണം, അനുഭവം പങ്കുവക്കൽ എന്നിവയിലൂടെ തയ്യാറാക്കിയ തരൂർ നിയോജക മണ്ഡലത്തിന്റെ പ്രകടനപത്രികയുടെ കരട് രേഖ വിക സന സെമിനാറിൽ അവതരിപ്പിച്ചു. തുടർന്ന് നടന്ന ഗ്രൂപ്പ് ചർച്ചകളിലൂടെ രൂപപ്പെട്ട ആശ യങ്ങളും പദ്ധതി നിർദ്ദേശങ്ങളും ഉൾച്ചേർത്തുകൊണ്ടാണ് തരൂർ നിയോജക മണ്ഡല പ്രകടനപത്രിക. അടുത്ത അഞ്ചു വർഷത്തിനപ്പുറവും ദീർഘവീക്ഷണത്തോടെ സമീപി ക്കുവാനുള്ള അടിസ്ഥാന നയരേഖയാണ് ഇതിന്റെ ഉള്ളടക്കം.

UDF തരൂർ നിയോജക മണ്ഡലം കമ്മിറ്റിക്കുവേണ്ടി ഈ രൂപരേഖ തയ്യാറാക്കുന്ന തിനു വേണ്ടിയുള്ള ഏകോപനം തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്പ്മെന്റ് സ്റ്റഡീസാണ് (RGIDS).

**തരൂർ –നിയമസഭാമണ്ഡലം**

- പാലക്കാട് ജില്ലയുടെ കിഴക്കു ഭാഗത്തെ ഗ്രാമപ്രദേശങ്ങൾ കൂടുതലുള്ള മണ്ഡലം.
- ആലത്തൂർ ലോക്സഭാ മണ്ഡലത്തിൽപ്പെട്ട നിയമസഭാ മണ്ഡലം
- കൃഷിയാണ് പ്രധാന തൊഴിൽ മേഖല
- നെല്ല്, നാളികേരം, പഴം-പച്ചക്കറി കൃഷി ഉപജീവനമാർഗമാക്കിയ ചെറുകിട കർഷക രാണ് ഭൂരിഭാഗം.

**വികസന സമീപനം**

- **ജനപങ്കാളിത്തത്തോടെയുള്ള പരിവർത്തനം**: ആസൂത്രണം, നിർവ്വഹണം, വിശക ലനം ഉൾപ്പെടെയുള്ള വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പൗരസമൂഹ പങ്കാ ളിത്തം.
- **സുസ്ഥിരവികസനം**: പൗരകേന്ദ്രീകൃത, പരിസ്ഥിതി സൗഹൃദ വികസനം
- **എല്ലാവരേയും ഉൾച്ചേർക്കുന്ന വികസനം**: ലിംഗം,ജാതി, മതം, വർഗം, വർണം, രാഷ്ട്രീയ അനുഭാവം എന്നിങ്ങനെ വ്യത്യാസമില്ലാതെ എല്ലാവരെയും വികസന പുരോഗതിയുടെ ഭാഗമാക്കുക.
- **രേഖകളടെയും ഡാറ്റയുടെയും അടിസ്ഥാനമാക്കിയ നയങ്ങൾ**: കൃത്യമായ പഠന ത്തിന്റെയും, ഗവേഷണത്തിന്റേയും ലഭ്യമായ ഡാറ്റകളുടെ പിൻബലത്തിൽ നയരൂപീ കരണത്തിലൂടെ പദ്ധതികൾ രൂപപ്പെടുത്തുക.

**ഗ്രാമപഞ്ചായത്തുകൾ**

01 – **കണ്ണമ്പ്ര**

02 – **കാവശ്ശേരി**

03 – **കോട്ടായി**

04 – **കുത്തന്നൂർ**

05 – **പെരിങ്ങോട്ടുകുറുശ്ശി**

06 – **പുതുക്കോട്**

07 – **തരൂർ**

08 – **വടക്കഞ്ചേരി**

**ബ്ലോക്ക് പഞ്ചായത്തുകൾ**

- **ആലത്തൂർ**
- **കുഴൽമന്ദം**

**ജില്ലാപഞ്ചായത്ത് ഡിവിഷനുകൾ**

- **കോട്ടായി**
- **തരൂർ**

## ജനസംഖ്യാ വിവരങ്ങൾ:

സ്ത്രീ-പുരുഷ അനുപാതത്തിൽ സന്തുലിതാവസ്ഥ നിലനിർത്തുന്ന, മിതമായ ജനസാന്ദ്രതയുള്ള ഗ്രാമീണ ജനസംഖ്യയാണ് തരൂർ നിയമസഭാ മണ്ഡലം.

**ജനസംഖ്യാ കണക്കുകൾ:**

- ആകെജനസംഖ്യ : **2,14,740**
- പുരുഷന്മാർ : **1,01,125**
- സ്ത്രീകൾ : **1,07,754**
- ആകെവീടുകൾ : **60,110**
- ആകെവിസ്തീർണ്ണം : **235.76** ചതുരശ്രകിലോമീറ്റർ
- ജനസാന്ദ്രത : ഒരു ചതുരശ്രകിലോമീറ്ററിൽ ഏകദേശം 911 പേർ

കേരളത്തിന്റെ പൊതുവായ ജനസംഖ്യാ ഘടനയോടൊപ്പം തന്നെ വനിതകളുടെഎണ്ണം ഇവിടെ പുരുഷന്മാരേക്കാൾ കൂടുതലാണ്.

## സാമൂഹിക ഘടന

**പട്ടികജാതി (SC) ജനസംഖ്യ:**

- ആകെ പട്ടികജാതി ജനസംഖ്യ : **34,877**
- പുരുഷന്മാർ : **17,080**
- സ്ത്രീകൾ : **17,797**
- ആകെ ജനസംഖ്യയുടെ 16%. എല്ലാവരെയും ഉൾക്കൊള്ളുന്ന വികസന പ്രവർത്തനങ്ങൾ അനിവാര്യമായ പാർശ്വവൽകൃത സമൂഹത്തിന്റെ ഗണ്യമായ സാന്നിധ്യം ഇത് വ്യക്തമാക്കുന്നു.

**പട്ടികവർഗ്ഗ (ST) ജനസംഖ്യ:**

- ആകെ പട്ടികവർഗ്ഗ ജനസംഖ്യ : **499**
- പുരുഷന്മാർ : **243**
- സ്ത്രീകൾ : **256**

ജനസംഖ്യയുടെ ഒരു ശതമാനത്തിൽ താഴെമാത്രമാണ് ഗോത്രവിഭാഗക്കാർ.
*(Source - Local Self Govt Institutions)*

### ഭൂമിശാസ്ത്ര-പാരിസ്ഥിതിക സവിശേഷതകൾ

കൃഷിക്കും ജലസേചനത്തിനും നിർണ്ണായക പങ്കുവഹിക്കുന്ന നദികളും ജലാശയ ശൃംഖലയാലും അനുഗ്രഹീതമാണ് തരൂർ.

### പ്രധാന നദികൾ:

**ഗായത്രിപ്പുഴ:** ഭാരതപ്പുഴയുടെ ഒരു പ്രധാന പോഷകനദി. മണ്ഡലത്തിലെ ആലത്തൂർ, വടക്കഞ്ചേരി പ്രദേശങ്ങളിലൂടെ ഒഴുകുന്നു. ജലസേചനം, കൃഷി, പ്രാദേശിക ഉപജീവനമാർഗ്ഗങ്ങൾ എന്നിവയ്ക്ക് ഈ നദി സഹായകമാണ്.

**മംഗലം നദി:** ഗായത്രിപ്പുഴയുടെ ഒരു പ്രധാന പോഷകനദി. പ്രദേശത്തെ ജലസേചനത്തിൽ സുപ്രധാന പങ്കുവഹിക്കുന്നു. പ്രധാന ജലസേചന സൗകര്യങ്ങൾ:

**മംഗലം ഡാം:** വടക്കഞ്ചേരിയിൽ സ്ഥിതിചെയ്യുന്നു. മംഗലം നദിയുടെ കൈവഴിയായ ചെറുകുന്നപ്പുഴയ്ക്ക് കുറുകെ നിർമ്മിച്ചിരിക്കുന്നു. കൃഷിക്കാവശ്യമായ പ്രധാന ജലസേചന സ്രോതസ്സായി പ്രവർത്തിക്കുന്നു. പ്രകൃതിരമണീയവും പാരിസ്ഥിതിക പ്രാധാന്യവുമുള്ള പ്രദേശമാണിത്. ഈ ജലാശയങ്ങൾ ഇവിടുത്തെ കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക്, പ്രത്യേകിച്ചും നെൽകൃഷിക്കും അനുബന്ധ കാർഷിക പ്രവർത്തനങ്ങൾക്കും ഗണ്യമായ സംഭാവനകൾ നൽകുന്നു.

### സാമ്പത്തിക സവിശേഷതകൾ

തരൂർ മണ്ഡലത്തിന്റെ സമ്പദ്‌വ്യവസ്ഥ പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ചുള്ളതാണ്. ഇതിന് കരുത്തേകുന്നത് ഫലഭൂയിഷ്ഠമായ നദീതടങ്ങൾ. മംഗലം ഡാമിൽ നിന്നുള്ള ജലസേചന സൗകര്യം.

### പരമ്പരാഗത കൃഷിരീതികൾ.

ഗ്രാമീണ തൊഴിലാളികളുടെ പങ്കാളിത്തം. കൃഷി, മൃഗസംരക്ഷണം, ചെറുകിട ഗ്രാമീണ തൊഴിലുകൾ എന്നിവയാണ് ഇവിടുത്തെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗങ്ങൾ

## പരിവർത്തന ദൗത്യം

പരിവർത്തനം ലക്ഷ്യമിടുന്ന എട്ട് മേഖലകളിൽ, തരൂരിനായി ശ്രീ.കെ.സി. സുബ്രഹ്മണ്യന്റെയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും, UDFന്റെ കാഴ്ചപ്പാടുകൾക്കനുസരിച്ചുമാണ് ഈ വികസനരേഖ തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി 15 പ്രധാന ദൗത്യങ്ങളാണ് രൂപപ്പെടുത്തിയിട്ടുള്ളത്. മണ്ഡലത്തിലെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഈ രൂപരേഖ വഴികാട്ടിയാകും.

01. തരൂരിന്റെ കാർഷിക ആവാസവ്യവസ്ഥയെ പുനഃരുജ്ജീവിപ്പിക്കുകയും കൃത്യമായ നയങ്ങളിലൂടെയും ഇടപെടലുകളിലൂടെയും അതിനെ ലാഭകരമാക്കി മാറ്റുക.
02. കാർഷിക മേഖലയിലെ സാമ്പത്തിക പ്രശ്നങ്ങൾക്കും സംഭരണവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾക്കും ശാശ്വത പരിഹാരം കാണുക.
03. ആരെയും പിന്നിലാക്കാത്ത, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം സാധ്യമാക്കുക. മണ്ഡലത്തിലെ പിന്നാക്ക സമുദായങ്ങളുടെ വളർച്ചയ്ക്കും പുരോഗതിക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കുക
04. മണ്ഡലത്തിന്റെ വികസനത്തെ ദീർഘകാലമായി പിന്നോട്ട് വലിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതകൾ പരിഹരിക്കുക.
05. കുറഞ്ഞ വിജയശതമാനം, പഠന വൈകല്യങ്ങൾ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, കോഴ്സുകളുടെ അപര്യാപ്തത തുടങ്ങിയ വിദ്യാഭ്യാസ മേഖലയിലെ വെല്ലുവിളികൾ പരിഹരിക്കുക

06. ആരോഗ്യമേഖല നേരിടുന്ന അടിസ്ഥാന സൗകര്യ, ഘടനാപരമായ വെല്ലുവിളികൾക്ക് പരിഹാരം കണ്ടെത്തുക. തരൂരിലെ പൗരസമൂഹത്തിന് ശാരീരികമായും മാനസിക മായും ആരോഗ്യപൂർണമായ ഒരു നാളെ സൃഷ്ടിക്കുക
07. മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ സാഹചര്യങ്ങൾക്ക് അനുസൃതമായി, തരൂരിലെ യുവാക്കൾക്കും മികച്ച തൊഴിൽ നേടുന്നതിനാവശ്യമായ അറിവും നൈപുണിയും ഉറപ്പാക്കുക
08. വനിതകളെ ശാക്തീകരിക്കുകയും അവരെ തരൂരിന്റെ നേതൃനിരയിലേക്ക് ഉയർത്തുക. വനിതാസംരംഭകരെ പിന്തുണയ്ക്കുന്ന പദ്ധതികൾ വികസിപ്പിക്കുക.
09. വാണിജ്യ സംരംഭങ്ങൾക്ക് അഭിവൃദ്ധിക്കായി അനുയോജ്യമായ അനുകൂല സാഹചര്യങ്ങളും സമൃദ്ധിയും തരൂരിൽ സൃഷ്ടിക്കുക
10. മണ്ഡലത്തിലെ മുതിർന്ന പൗരർക്ക് സുരക്ഷിതമായ ഇടങ്ങളും മികച്ച ജീവിത സാഹചര്യങ്ങളും ഒരുക്കുക
11. വ്യവസായ സ്ഥാപനങ്ങളുമായും വിദഗ്ധരുമായും സഹകരിച്ച് യുവജനങ്ങൾക്കും വനിതകൾക്കും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
12. തരൂരിന്റെ പ്രൗഢോജ്ജ്വലമായ സംഗീത പാരമ്പര്യം ഉൾപ്പെടെയുള്ള സാംസ്കാരിക പൈതൃകം പുനരുജ്ജീവിപ്പിക്കുക. ഈ സംസ്കാരം അടുത്തറിയാൻ യുവജനങ്ങ ളെയും വിനോദസഞ്ചാരികളെയും ആകർഷിക്കുക
13. ജനങ്ങൾക്ക് തൊഴിലും വരുമാനവും സൃഷ്ടിക്കുന്ന മികച്ചൊരു വിനോദസഞ്ചാര കേന്ദ്രമായി തരൂരിനെ മാറ്റുക
14. തരൂരിന്റെ വികസനത്തിലും പുരോഗതിയിലും പങ്കാളിയാകാൻ യുവജനങ്ങൾക്കും വനിതകൾക്കും പൊതുജനങ്ങൾക്കും അവസരമൊരുക്കുന്ന വേദികളും സംവിധാന ങ്ങളും സൃഷ്ടിക്കുക
15. സുതാര്യവും ഉത്തരവാദിത്തവുമുള്ള ഭരണസംവിധാനം തരൂരിനായി ഉറപ്പാക്കുക.

# <u>പരിവർത്തന മേഖലകൾ</u>




## 01 – കൃഷി

തരൂർ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗമാണ് കൃഷി. എന്നാൽ, കഴിഞ്ഞ കുറച്ചുകാലമായി സർക്കാർ നയങ്ങൾ മൂലമുണ്ടാകുന്ന കാർഷിക മേഖലയിലെ തകർച്ച തരൂരിലെ ആയിരക്കണക്കിന് കർഷകരെ കടുത്ത ആശങ്കയിലാക്കുകയും അവരുടെ ഭാവി അനിശ്ചിതത്വത്തിലാക്കുകയും ചെയ്തിരിക്കുകയാണ്.

### പ്രധാന പ്രശ്നങ്ങൾ

01. **താളംതെറ്റിയ സംഭരണ സംവിധാനം**: സർക്കാരിന്റെ നെല്ല് സംഭരണ സംവിധാനത്തിലെ കാലതാമസവും പാളിച്ചകളും നിത്യസംഭവമായി മാറിയിരിക്കുന്നു. നെല്ല് സംഭരിച്ചാൽ തന്നെ അതിന്റെ വില ലഭിക്കാൻ ആറ് മുതൽ ഏഴ് മാസം വരെ കാത്തിരിക്കേണ്ട അവസ്ഥയാണ്. താങ്ങുവിലയായി (MSP-Minimum Support Prize) കിലോയ്ക്ക് 30 രൂപ സർക്കാർ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, തുക ലഭിക്കാനുള്ള കാലതാമസം കാരണം പല കർഷകരും പൊതുവിപണിയിൽ കിലോയ്ക്ക് 22 രൂപ നിരക്കിൽ നെല്ല് വിൽക്കാൻ നിർബന്ധിതരാകുന്നു.

02. **സൗകര്യങ്ങളുടെ അഭാവവും അഴിമതിയും**: നെല്ല് സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി റൈസ് പാർക്കുകൾ, റൈസ് മില്ലുകൾ തുടങ്ങിയ സംവിധാനങ്ങൾ സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും ഈ പദ്ധതികളെല്ലാം അഴിമതിയിൽ മുങ്ങിനിൽക്കുകയാണ്. ഇതുമൂലം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുമെന്ന വാഗ്ദാനം ഇപ്പോഴും ജലരേഖയായി അവശേഷിക്കുന്നു.

03. **അവസാനിക്കാത്ത കടക്കെണി**: സംഭരിച്ച നെല്ലിന്റെ വില യഥാസമയം നൽകാൻ സർക്കാരിന് കഴിയുന്നില്ല. ഇതിനൊരു പരിഹാരമെന്ന നിലയിൽ, കർഷകരോട് കേരളാ ബാങ്കിൽ നിന്ന് വായ്പയെടുക്കാൻ സർക്കാർ നിർദ്ദേശിക്കുകയും ഈ തുക സർക്കാർ തന്നെ തിരിച്ചടയ്ക്കുമെന്ന് വാഗ്ദാനം നൽകുകയും ചെയ്യുന്നു. എന്നാൽ, ഈ വായ്പകൾ കൃത്യസമയത്ത് തിരിച്ചടയ്ക്കാൻ സർക്കാർ

തയ്യാറാകാത്തത് കർഷകരുടെ സിബിൽ (CIBIL) സ്കോർ കുറയാൻ കാരണമാകുന്നു. ഇത് സ്വകാര്യ പണമിടപാടുകാരെ ആശ്രയിക്കാൻ കർഷകരെ നിർബന്ധിതരാക്കുകയും അവരെ കടുത്ത കടക്കെണിയിലേക്ക് നയിക്കുന്നു.

04. **സ്വകാര്യമില്ലുകളുടെ ചൂഷണം:** സർക്കാരിന്റെ നെല്ല് സംഭരണ സംവിധാനം പൂർണ്ണമായും തകർന്നതോടെ സ്വകാര്യ മിൽ ഉടമകൾ ഈ മേഖലയിൽ ശക്തരായി മാറിക്കഴിഞ്ഞു. കർഷകരിൽ നിന്ന് വളരെ കുറഞ്ഞ വിലയ്ക്ക് നെല്ല് ശേഖരിച്ച് അവർ കർഷകരെ ചൂഷണം ചെയ്യുകയാണ്. കർഷകരിൽ നിന്ന് കിലോയ്ക്ക് 22 രൂപ നിരക്കിൽ നെല്ല് വാങ്ങി, കർഷകരുടെ പേരിൽ സപ്ലൈകോയ്ക്ക് കിലോയ്ക്ക് 30 രൂപ നിരക്കിൽ ഇവർ മറിച്ചുവിൽക്കുന്ന സംഭവങ്ങളും നിരവധിയാണ്.

05. **രോഗബാധകളും വന്യജീവി ശല്യവും:** സർക്കാർ നയങ്ങൾ മൂലമുള്ള പ്രതിസന്ധികൾക്ക് പുറമെ, വിളകളെ ബാധിക്കുന്ന രോഗങ്ങളും വന്യജീവി ആക്രമണങ്ങളും കർഷകരുടെ ദുരിതം വർദ്ധിപ്പിക്കുന്നു. കാട്ടുപന്നി, മയിൽ എന്നിവയുടെ ശല്യം തരൂരിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും രൂക്ഷമാണ്. 'മുഞ്ഞ' പോലുള്ള കീടബാധകൾ വലിയ തോതിൽ കൃഷി നശിപ്പിക്കുകയും ഇത് നിയന്ത്രിക്കാൻ കർഷകർ ഏറെ പ്രയാസപ്പെടുന്നു.

06. **ക്ഷീരമേഖലയിലെ വർദ്ധിച്ചുവരുന്ന ചെലവുകൾ:** ക്ഷീരമേഖലയിൽ പരിപാലനച്ചെലവുകളും കാലിത്തീറ്റയുടെ വിലയും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 50 കിലോയുടെ ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് 300 മുതൽ 350 രൂപ വരെയാണ് വില വർദ്ധിച്ചിരിക്കുന്നത്. എന്നാൽ, ഇതിന് ആനുപാതികമായി പാലിന്റെ വിലയിൽ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല.

07. **പൊതുവായ പ്രശ്നങ്ങൾ:** തരൂരിൽ നെൽകൃഷിക്ക് പുറമെ നാളികേരം, റബ്ബർ, ക്ഷീരോല്പാദനം എന്നിവയാണ് മറ്റ് പ്രധാന കാർഷിക മേഖലകൾ. വളം, കാലിത്തീറ്റ എന്നിവയുടെ വിലക്കയറ്റം, തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കയറ്റിറക്ക് കൂലി, ജലസേചന സൗകര്യങ്ങളുടെ അഭാവം, കുറഞ്ഞുവരുന്ന ലാഭം എന്നിവ ഈ മേഖലകളിലെല്ലാം വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. കാർഷിക മേഖലയിൽ നിന്നുള്ള വരുമാനക്കുറവും കടുത്ത ദുരിതവും കാരണം യുവതലമുറ കൃഷിയിലേക്ക് കടന്നുവരാൻ താല്പര്യം കാണിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

- **കാര്യക്ഷമമായ നെല്ല് സംഭരണം:** നെല്ല് സംഭരണ സംവിധാനം കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാക്കുക എന്നതാണ് പുതിയ സർക്കാരിന്റെയും എം.എൽ.എയുടെയും പ്രഥമ പരിഗണനയാകേണ്ടത്. സംഭരണ പ്രക്രിയകൾക്കും സംവിധാനങ്ങൾക്കും സർക്കാർ മുന്നൊരുക്കം നടത്തുകയും, സപ്ലൈകോയ്ക്കും ബാങ്കുകൾക്കും ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയും വേണം.
- **എല്ലാ ഗ്രാമപഞ്ചായത്തുകളിലും സർക്കാർ റൈസ് മില്ലുകൾ:** നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള റൈസ് മില്ലുകളുടെയും റൈസ് പാർക്കുകളുടെയും നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കണം. കൂടാതെ, തരൂർ മണ്ഡലത്തിൽ നെൽകൃഷിക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും സർക്കാർ നിയന്ത്രണത്തിലുള്ള റൈസ് മില്ലുകൾ, നെല്ല് സംഭരണ ഗോഡൗണുകൾ, കൊയ്ത്ത് ഉപകരണങ്ങൾ

- പാടശേഖരങ്ങളിലേക്ക് ഫാം റോഡുകളുടെ പുനഃരുദ്ധീകരണത്തിനൊപ്പം ലിഫ്റ്റ് ഇറിഗേഷൻ സംവിധാനങ്ങൾ, കാർഷിക അവശ്യ തോടുകളിൽ തടയണ നിർമ്മാണം
- മഴക്കാലത്ത് കൊയ്തെടുക്കുന്ന നെല്ല് ഉണക്കാൻ ഡ്രൈയർ ഉപകരണം
- എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും ഉപയോഗശൂന്യമായ കുളങ്ങളും, കിണറുകളും നവീകരിക്കുക
- പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ ചുലനല്ലൂർ ഭാഗത്തെ കൃഷിക്കാവശ്യമായ ജലം ഭാരതപ്പുഴയിൽ നിന്നും പമ്പ് ചെയ്ത് കർഷകർക്ക് പ്രയോജനപ്പെടുത്തുക.
- നാളികേരവും നാണ്യവിളകളും സംഭരിക്കുവാൻ കേന്ദ്രങ്ങൾ
- കല്ലേപ്പുള്ളിയിൽ പട്ടികജാതി വികസന വകുപ്പ് ഫണ്ടുപയോഗിച്ച് നിർമ്മിച്ച, പണി പൂർത്തിയാകാത്ത മില്ല് പ്രവർത്തനക്ഷമമാക്കുക
- പ്രാദേശിക പാടശേഖരസമിതികളെ ഉൾപ്പെടുത്തി നെല്ല്സംഭരണം ശക്തിപ്പെടുത്തുക.
- ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ തരിശ് ഭൂമി കണ്ടെത്തി വിവിധ കൃഷിരീതികൾ പ്രാവർത്തികമാക്കുക
- **'തരൂർ ബ്രാൻഡ്'**: കൃഷിയുടെ പ്രാധാന്യം ഉൾക്കൊണ്ട്, കാർഷിക ഉൽപ്പന്നങ്ങൾക്കായി പ്രത്യേക ബ്രാൻഡിംഗ്, മാർക്കറ്റിംഗ് സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. കർഷകരെയും വിപണന വിദഗ്ധരെയും സംയോജിപ്പിച്ചുകൊണ്ട്, കൃഷിയിടത്തിൽ നിന്ന് നേരിട്ട് ഉപഭോക്താക്കളിലേക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൾപ്പെടെ എത്തിക്കുന്ന തരത്തിലുള്ള ഒരു വിപണനശൃംഖലയ്ക്ക് രൂപം നൽകണം.
- **ഭാവിയിലെ കൃഷിയിടങ്ങൾ**: തൊഴിലാളികളുടെ കൂലി മുതൽ വളപ്രയോഗം വരെയുള്ള കാർഷിക മേഖലയിലെ വർദ്ധിച്ചുവരുന്ന ചെലവുകളാണ് ഏറ്റവും വലിയ പ്രതിസന്ധി. ഇതിന് പരിഹാരമായി ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം, നൂതന കൃഷിരീതികൾ, ശാസ്ത്രീയ ജലസേചന സംവിധാനങ്ങൾ, സൗരോർജ്ജ വേലികൾ (Solar fencing), ആധുനിക യന്ത്രവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കണം. ഇത് കാർഷിക മേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും, ഉല്പാദനച്ചെലവ് കുറയ്ക്കാനും, കർഷകർക്ക് മികച്ച ലാഭം ഉറപ്പാക്കാനും സഹായിക്കും.
- **വന്യജീവി ശല്യം തടയുന്നതിനുള്ള നയങ്ങൾ**: വന്യജീവി ആക്രമണങ്ങൾ നിയന്ത്രിക്കുന്നതിനായി വ്യക്തവും കർശനവുമായ നയങ്ങൾ സർക്കാർ രൂപീകരിക്കണം. അംഗീകൃത ഷൂട്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുക, സൗരോർജ്ജ വേലികൾ സ്ഥാപിക്കുന്നതിന് സബ്സിഡിയും സാമ്പത്തിക സഹായവും നൽകുക, വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള ശാസ്ത്രീയ നടപടികൾ സ്വീകരിക്കുക എന്നിവ അടിയന്തരമായി നടപ്പിലാക്കണം.
- **ക്ഷീരമേഖലയിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ**: ക്ഷീരമേഖലയിൽ ലാഭം വർദ്ധിപ്പിക്കുന്നതിനായി പാൽ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് പ്രത്യേക ഊന്നൽ നൽകണം. കർഷകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ക്ഷീര വ്യവസായ സഹകരണസംഘങ്ങൾക്ക് ഉയർന്ന ലാഭം ലഭിക്കുന്നതരത്തിലുള്ള പാലുൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് ആവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകണം.
- ഉൽപ്പാദന ചെലവ് കുറച്ച് രോഗ പ്രതിരോധശേഷിയുള്ള ഭക്ഷ്യവസ്തുക്കൾ പ്രാദേശികതലത്തിൽ ലഭ്യമാക്കുക.

- **കനാലുകളുടെ നവീകരണം:** കനാലുകൾ ശുദ്ധീകരിക്കുകയും, ഫാം റോഡുകൾ പുനരുദ്ധരിക്കുകയും ചെയ്യേണ്ടത് ജലസേചനത്തിന് അനിവാര്യമാണ്. ഇത്തരം പ്രവർത്തികൾ നടപ്പാക്കാൻ നിർദേശം ഉണ്ടെങ്കിലും കാര്യക്ഷമമായി നടക്കുന്നില്ല. കൃഷിസ്ഥലങ്ങളിൽ ജലസേചനം ഉറപ്പാക്കേണ്ടതുണ്ട്.

## 02 – വിദ്യാഭ്യാസം

പിന്നാക്ക സമുദായങ്ങൾ കൂടുതലായുള്ള നിയോജകമണ്ഡലമാണ് തരൂർ. ഈ സമുദായങ്ങൾക്കിടയിൽ പഠന, വിദ്യാഭ്യാസ സംബന്ധമായ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കൂടാതെ, മണ്ഡലത്തിനുള്ളിൽ ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളുടെ അഭാവവുമുണ്ട്. സർക്കാരിന്റെ നയങ്ങൾ ഈ പ്രതിസന്ധികളെ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുകയാണ്.

**പ്രധാന പ്രശ്നങ്ങൾ**

01. **കോവിഡ്-19 ഏൽപ്പിച്ച ആഘാതം:** തരൂരിലെ വിദ്യാർത്ഥികളുടെ പഠനനിലവാരത്തിലും വിദ്യാഭ്യാസത്തിലും കോവിഡ് മഹാമാരി വലിയ ആഘാതമാണ് സൃഷ്ടിച്ചത്. പഠനം ഓൺലൈനിലേക്ക് മാറിയപ്പോൾ, പല വിദ്യാർത്ഥികൾക്കും അത് തുടരുന്നതിനാവശ്യമായ ഉപകരണങ്ങളോ ഇന്റർനെറ്റ് സൗകര്യങ്ങളോ ലഭ്യമായിരുന്നില്ല. ഈ പഠനവിടവിന്റെ പ്രത്യാഘാതങ്ങൾ ഇപ്പോഴും പ്രകടമാണ്; ഉയർന്ന ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പോലും അടിസ്ഥാന വായനാശേഷിയോ ഗണിതശേഷിയോ ഇല്ലാത്ത അവസ്ഥയുണ്ട്.

02. **സിലബസും പാഠ്യപദ്ധതികളും:** സ്കൂളുകളിലും കോളേജുകളിലും പിന്തുടരുന്ന സിലബസ് കാലഹരണപ്പെട്ടതാണ്. ഉദാഹരണത്തിന്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), മെഷീൻ ലേണിംഗ് തുടങ്ങിയ പുതിയ സാങ്കേതികവിദ്യകളൊന്നും തന്നെ സ്കൂൾ-കോളേജ് പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ, ഹയർസെക്കൻഡറി സ്കൂളുകളിലും കോളേജുകളിലും ലഭ്യമായ കോഴ്സുകൾ വിദ്യാർത്ഥികളുടെ അഭിരുചിക്കോ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കോ അനുയോജ്യമായവയല്ല.

03. **കോളേജുകളും അടിസ്ഥാന സൗകര്യങ്ങളും:** തരൂർ മണ്ഡലത്തിൽ വളരെ കുറച്ച് കോളേജുകൾ മാത്രമേയുള്ളൂ. ഏക പ്രൊഫഷണൽ കോളേജായ പാരാമെഡിക്കൽ കോളേജിന് ഹോസ്റ്റൽ സൗകര്യമില്ല. IHRD കോളേജ്, ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നിവയ്ക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങളില്ല.

04. **സോഫ്റ്റ് സ്കിൽ പരിശീലനത്തിന്റെ അഭാവം:** മികച്ച ആശയവിനിമയ ശേഷി, പ്രൊഫഷണൽ നൈപുണി, വായനാ-എഴുത്ത് ശീലങ്ങൾ, ശ്രദ്ധയോടെ കേൾക്കാനുള്ള കഴിവ്, തുടങ്ങിയ സോഫ്റ്റ് സ്കില്ലുകളുടെ കാര്യത്തിൽ നമ്മുടെ വിദ്യാർത്ഥികൾ വളരെ പിന്നിലാണെന്ന് കണ്ടെത്താനായി. മികച്ച ഒരു കരിയർ പടുത്തുയർത്താൻ അത്യന്താപേക്ഷിതമായ ഇത്തരം നൈപുണികൾ വികസിപ്പിക്കുന്നതിന് നിലവിലെ സ്കൂൾ-കോളേജ് വിദ്യാഭ്യാസ സമ്പ്രദായം യാതൊരു പ്രാധാന്യവും നൽകുന്നില്ല.

05. **ലഹരി ഉപയോഗവും സ്മാർട്ട്ഫോൺ ആസക്തിയും:** ഇന്നത്തെ വിദ്യാർത്ഥികൾക്കിടയിൽ കണ്ടുവരുന്ന രണ്ട് വലിയ വിപത്തുകളാണ് ലഹരി ഉപയോഗവും സ്മാർട്ട്ഫോൺ അഡിക്ഷനും. തരൂരിലെ ഗ്രാമീണ, ഉൾനാടൻ പ്രദേശങ്ങളിലാണ്

വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം കൂടുതലായി കാണപ്പെടുന്നതെന്ന് അധ്യാപകർ സാക്ഷ്യപ്പെടുത്തുന്നു. ഇത് കുട്ടികളുടെ പഠനത്തെയും സ്വഭാവത്തെയും പ്രതികൂലമായി ബാധിക്കുന്നു.

06. **സ്കൂളുകളിലെ ശുചിത്വവും ശൗചാലയങ്ങളും:** സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും, തരൂരിലെ സ്കൂളുകളിലെ ശുചിത്വ സംവിധാനങ്ങളും ശൗചാലയങ്ങളും ഇപ്പോഴും ശോചനീയാവസ്ഥയിലാണ്. സാനിറ്ററി പാഡുകൾ നശിപ്പിക്കുന്നതിനുള്ള ഇൻസിന റേറ്റർ സൗകര്യങ്ങൾ അപര്യാപ്തമാണ്. കൂടാതെ, നിലവിലെ ശൗചാലയങ്ങൾ പലതും തകർന്ന നിലയിലാണ്. പാഠ്യപദ്ധതിയിൽ ശുചിത്വ ബോധവൽക്കരണത്തിന് വേണ്ടത്ര പ്രാധാന്യം നൽകാത്തതും വലിയൊരു പോരായ്മയാണ്.

07. **അദ്ധ്യാപകരുടെ ജോലിഭാരം:** തങ്ങളുടെ ജോലിഭാരം അങ്ങേയറ്റം വർദ്ധിച്ചിരിക്കുകയാണെന്ന് ചർച്ചകളിൽ അദ്ധ്യാപകർ ചൂണ്ടിക്കാട്ടി. പതിവ് അദ്ധ്യയന പ്രവർത്തനങ്ങൾക്ക് പുറമെ സർക്കാരിന്റെ മറ്റ് പരിപാടികളിലും അവർക്ക് പങ്കാളികളാകേണ്ടി വരുന്നു. കൂടാതെ, കായികം പോലുള്ള വിഷയങ്ങൾക്ക് പ്രത്യേക അധ്യാപകരുടെ വലിയ കുറവുമുണ്ട്.

## നിർദ്ദേശങ്ങൾ

- **അടിസ്ഥാന പഠനശേഷി വിലയിരുത്താൻ സർവ്വേ:** കോവിഡ് കാലത്തെ പഠനവിടവ് വിദ്യാർത്ഥികളിൽ ഉണ്ടാക്കിയ ആഘാതം മനസ്സിലാക്കുന്നതിനായി പ്രത്യേക സർവ്വേ നടത്തണം. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ വായനാശേഷിയും ഗണിതശേഷിയും മെച്ചപ്പെടുത്തുന്നതിനുള്ള കൃത്യമായ ഇടപെടലുകൾ നടത്തണം.
- **കോളേജുകളിലെ കോഴ്സുകളും അടിസ്ഥാന സൗകര്യങ്ങളും:** തരൂരിലെ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അടിയന്തര പ്രാധാന്യം നൽകണം. പുതിയ സർക്കാരിന്റെയും എം.എൽ.എയുടെയും പ്രധാന പരിഗണനകളിലൊന്നാകണം ഇത്. വിദ്യാർത്ഥികൾക്ക് കൂടുതൽ ഉപരിപഠന സാധ്യതകൾ ഉറപ്പാക്കുന്നതിനായി പുതിയ കോഴ്സുകൾ ഘട്ടംഘട്ടമായി ആരംഭിക്കണം.
- **വിജയ ശതമാനം ഉയർത്തൽ:** 10, +2 ക്ലാസ്സുകളിലെ വിജയ ശതമാനം ഉയർത്താനായി പ്രത്യേക കോച്ചിങ്, വിദ്യാർഥികൾ തമ്മിൽ ഉള്ള ഗ്രൂപ്പ് സ്റ്റഡി, എന്നിവ അത്യാവശ്യമായി ആരംഭിക്കണം.
- **ഭാവിയിലെ വിദ്യാലയങ്ങൾ:** അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിനൊപ്പം സഞ്ചരിക്കാൻ പാഠ്യപദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുകയും വിദ്യാലയങ്ങളെ നവീകരിക്കുകയും വേണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (AI) കടന്നുവരവും കുട്ടികളുടെ ശ്രദ്ധക്കുറവും പരിഗണിച്ച് ലോകമെമ്പാടുമുള്ള അധ്യാപന രീതികളിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇത് കേരളത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിലും ഉൾപ്പെടുത്തണം. സ്വകാര്യ സ്കൂളുകളോട് മത്സരിക്കാൻ പര്യാപ്തമായ രീതിയിൽ ഭാവിക്ക് അനുയോജ്യമായ സ്മാർട്ട് ക്ലാസ്സ്റൂമുകൾ സജ്ജമാക്കണം.
- സാങ്കേതിക വിദ്യാഭ്യാസത്തിന് വിദ്യാലയം അല്ലെങ്കിൽ നിലവിലെ വിദ്യാലയങ്ങൾ ക്കൊപ്പം ഒന്നോ രണ്ടോ ഡിവിഷനുകൾ ആരംഭിക്കുക.
- സാങ്കേതിക വിദ്യാഭ്യാസത്തിനായി തരൂരിൽ സർക്കാർ എൻജിനീയറിങ് കോളേജ്

- തോണിപ്പാടം GMLP വിദ്യാലയം UP യാക്കി അപ്ഗ്രേഡ് ചെയ്യുക.
- നിയോജക മണ്ഡലത്തിൽ ഒരു സ്പോർട്ട്സ് സ്കൂൾ
- പുതുക്കോട് സർവ്വജന ഹയർ സെക്കന്ററി സ്കൂളിന്റെ നിലവിലെ പ്രശ്നങ്ങൾ പരിഹരിച്ച് സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങളിൽ ഒന്നാക്കിമാറ്റുക
- **ലഹരി-സ്മാർട്ട്ഫോൺ ആസക്തിക്കെതിരെ സമഗ്ര ബോധവൽക്കരണം:** ലഹരി ഉപയോഗത്തിനും സ്മാർട്ട്ഫോൺ ആസക്തിക്കുമെതിരെ രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ ഒരു കർമ്മപദ്ധതി ആവശ്യമാണ്. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് മാനസികാരോഗ്യപരിശോധനകളും കൗൺസിലിംഗും സ്ഥിരമായി നൽകണം. സാധ്യമായ ഇടങ്ങളിലെല്ലാം കല, കായിക വിനോദങ്ങളെ ഇതിനായി പ്രയോജനപ്പെടുത്തണം.
- **ശുചിത്വസാക്ഷരതയും ബോധവൽക്കരണവും:** വിദ്യാർത്ഥികൾക്ക് ശുചിത്വ സാക്ഷരതയും ബോധവൽക്കരണവും നൽകേണ്ടതുണ്ട്. സാനിറ്ററി പാഡുകൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും സ്കൂളുകളിൽ ശുചിത്വ പരിപാടികൾ നടപ്പിലാക്കുകയും വേണം.
- **സോഫ്റ്റ് സ്കിൽ പരിശീലന പരിപാടി:** സ്കൂൾ-കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്കായി സോഫ്റ്റ് സ്കിൽ പരിശീലന പരിപാടികൾ അടിയന്തരമായി ആരംഭിക്കണം. ഭാഷാ പരിശീലനം, പ്രൊഫഷണൽ നൈപുണി, ആശയവിനിമയ ശേഷി എന്നിവ ഈ പരിപാടിയുടെ ഭാഗമാക്കണം.

## 03 – വനിതാ ക്ഷേമം

തരൂരിലെ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ ബഹുവിധമാണ്. കേരളത്തിൽ പൊതുവെ സ്ത്രീകൾ നേരിടുന്ന അതേ അവസ്ഥ തന്നെയാണ് ഇവിടെയുമുള്ളത്. ഇതിനുപുറമെ, തരൂരിലെ തനതായ ചില പ്രശ്നങ്ങളും അവരുടെ ജീവിതം കൂടുതൽ ദുഷ്കരമാക്കുന്നു. തരൂരിന്റെ പുരോഗതിക്ക് വനിതകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്.

### പ്രധാന പ്രശ്നങ്ങൾ

01. **സാമ്പത്തിക പ്രതിസന്ധികൾ:** സ്ത്രീകൾ സാമ്പത്തിക സ്വാതന്ത്ര്യമില്ലായ്മ നേരിടുന്നുണ്ട്. കൂടാതെ, കാർഷിക മേഖലയിലെ തകർച്ചയുണ്ടാക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ സ്ത്രീകളെയാണ് കൂടുതൽ ബാധിക്കുന്നത്. പല കുടുംബങ്ങളിലും സ്വർണ്ണമോ വസ്തുവകകളോ പണയപ്പെടുത്തി ഉയർന്ന ബാധ്യതകൾ ഏറ്റെടുക്കേണ്ടിവരുന്നത് വനിതകളാണ്. വനിതകൾക്കിടയിൽ സാമ്പത്തിക സാക്ഷരതയുടെ കാര്യത്തിലും വലിയ കുറവുണ്ട്.

02. **തൊഴിലവസരങ്ങളുടെ അഭാവം:** തരൂരിൽ വനിതകൾക്ക് തൊഴിലവസരങ്ങൾ കുറവാണ്. മുൻപ് കൃഷി, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവയായിരുന്നു പ്രധാന തൊഴിൽ മാർഗ്ഗങ്ങൾ. എന്നാൽ സംസ്ഥാന-ദേശീയ സർക്കാരുകളുടെ നയങ്ങൾ കാരണം ഈ മൂന്ന് വഴികളും ഇപ്പോൾ സജീവമല്ല.ഇത് വനിതകൾക്കിടയിൽ വലിയ തൊഴിലില്ലായ്മ സൃഷ്ടിച്ചിട്ടുണ്ട്.

03. **സംരംഭകർക്ക് പിന്തുണയില്ലായ്മ:** സ്വന്തമായി സംരംഭങ്ങളോ സ്വയം തൊഴിലോ ആരംഭിച്ച ചുരുക്കം ചില വനിതകൾ ഇവിടെയുണ്ട്. എന്നാൽ ബാങ്കുകൾ വഴിയുള്ള

വായ്പകളല്ലാതെ സർക്കാരിൽ നിന്ന് ഇവർക്ക് അർത്ഥവത്തായ യാതൊരു പിന്തുണയും ലഭിക്കുന്നില്ല.

04. **രാത്രി യാത്രയിലെ ബുദ്ധിമുട്ടുകൾ:** രാത്രികാലങ്ങളിൽ തരൂരിലേക്കും തിരിച്ചുമുള്ള യാത്ര വനിതകൾക്ക് വലിയ ദുരിതമാണ്. മതിയായ പൊതുഗതാഗത സൗകര്യങ്ങളില്ലാത്തതും, തെരുവുവിളക്കുകളുടെ അഭാവവും, നിരന്തരമുള്ള വന്യജീവിശല്യവും രാത്രി യാത്ര അപകടകരമാക്കുന്നു.

05. **ആർത്തവ ശുചിത്വവും ബോധവൽക്കരണവും:** ആർത്തവ ശുചിത്വത്തെക്കുറിച്ചുള്ള അവബോധം ഇപ്പോഴും വളരെ കുറവാണ്. മെൻസ്ട്രൽ കപ്പുകളെക്കുറിച്ച് വനിതകൾക്ക് കാര്യമായ അറിവില്ല, അവ ഉപയോഗിക്കുന്നവരും വിരളമാണ്. സാനിറ്ററി പാഡുകൾ സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങളും ഇവിടെ അപര്യാപ്തമാണ്.

## നിർദ്ദേശങ്ങൾ

- **സ്ത്രീകളെ സംരംഭകരാക്കുക:** സ്ത്രീകൾക്ക് സ്വന്തമായി സംരംഭങ്ങൾ നടത്തുന്നതിനായി മികച്ച പരിശീലനവും പലിശരഹിത വായ്പയും, ഇൻഷുറൻസ് പരിരക്ഷയും പിന്തുണയും നൽകുന്ന ഒരു പ്രത്യേക സംവിധാനം ആരംഭിക്കണം. തരൂരിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഒരു പരിധി വരെ ഇത് സഹായിക്കും.
- **സാമ്പത്തിക സാക്ഷരതയും മാനേജ്മെന്റും:** വനിതകളെ സാമ്പത്തികമായി സാക്ഷരരാക്കാനും സാമ്പത്തിക കാര്യങ്ങൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കാനുമുള്ള ഒരു പ്രത്യേക കാമ്പയിൻ ആരംഭിക്കണം. ഇത് കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത വർദ്ധിപ്പിക്കാനും നിലവിലെ കടബാധ്യതകൾ കുറയ്ക്കാനും സഹായിക്കും.
- **കുടുംബശ്രീയുടെ നവീകരണവും പ്രശ്നപരിഹാരവും:** നിലവിൽ രാഷ്ട്രീയ ഇടപെടലുകളും കെടുകാര്യസ്ഥതയും കുടുംബശ്രീയുടെ പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാണ്. ഈ സംവിധാനത്തെ ഉടച്ചുവാർക്കുകയും വനിതകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പ്രാപ്തമായ രീതിയിൽ നവീകരിക്കുകയും വേണം.
- **ASHA-മാരുടെ പ്രശ്നപരിഹാരം:** ASHA-മാർ(Accredited Social Health Activists) നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണണം. അവർ ആവശ്യപ്പെടുന്ന പ്രകാരം വേതനവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു നൽകണം.
- **പൊതുഗതാഗതവും രാത്രികാലതെരുവുവിളക്കുകളും:** രാത്രികാലങ്ങളിൽ മതിയായ പൊതുഗതാഗത സൗകര്യങ്ങളും തെരുവുവിളക്കുകളും ഉറപ്പാക്കണം. പുതിയ എം.എൽ.എയുടെ മുൻഗണനാ പദ്ധതികളിൽ ഒന്നായിരിക്കണം ഇത്.
- **ആർത്തവ ശുചിത്വ ബോധവൽക്കരണം:** മണ്ഡലത്തിലെ സ്ത്രീകൾക്കിടയിൽ ആർത്തവ ശുചിത്വത്തെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം നൽകണം. മെൻസ്ട്രൽ കപ്പുകളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും അവ വിതരണം ചെയ്യുന്നതിനുമുള്ള ഒരു കാമ്പയിൻ സംഘടിപ്പിക്കണം.
- വനിതകളുടെ യാത്രാക്ലേശം പരിഹരിക്കുവാൻ രാത്രികാലങ്ങളിൽ കെ.എസ്.ആർ. ടി.സി ബസ് സർവ്വീസ്.
- ഒന്നര വയസു മുതൽ മൂന്നു വയസുവരെയുള്ള കുട്ടികൾക്ക് ഡേ-കെയർ സെന്റർ
- ഗ്രാമപഞ്ചായത്തുകളിൽ പൊതുശുചിമുറികൾ.

## 04 – വിനോദസഞ്ചാരവും സാംസ്കാരിക മേഖലയും

വിനോദസഞ്ചാര-സാംസ്കാരിക വികസനത്തിന് അനന്തസാധ്യതകളുള്ള നിയോജകമണ്ഡലമാണ് തരൂർ. പ്രശസ്ത കർണ്ണാടക സംഗീതജ്ഞനായ ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ജന്മനാടായ ഇവിടം, സമ്പന്നമായ പ്രകൃതിഭംഗിയാലും ഹരിതാഭയാലും അനുഗ്രഹീതമാണ്.

### പ്രധാന പ്രശ്നങ്ങൾ

01. **കൃത്യമായ ഇടപെടലുകളുടെ അഭാവം:** സാധ്യതകളുണ്ടായിട്ടും, എം.എൽ.എയും സർക്കാരും നൽകിയ നിരവധി വാഗ്ദാനങ്ങൾക്കപ്പുറം ടൂറിസം-സാംസ്കാരിക മേഖലകളുടെ വികസനത്തിനായി പ്രായോഗികമായ യാതൊരു ഇടപെടലുകളും നടന്നിട്ടില്ല.

02. **അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്:** ശൗചാലയങ്ങൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വലിയ കുറവ് തരൂരിലെ വിനോദസഞ്ചാര സാധ്യതകളെ പ്രതികൂലമായി ബാധിക്കുന്നു.

03. **ബ്രാൻഡിംഗും വിപണനവും (Marketing):** സംസ്കാരത്തിന്റെയും ടൂറിസത്തിന്റെയും ഒരു പ്രധാന കേന്ദ്രമെന്ന നിലയിൽ തരൂരിനെ ബ്രാൻഡ് ചെയ്യാനോ മാർക്കറ്റ് ചെയ്യാനോ യാതൊരു ശ്രമങ്ങളും നടന്നിട്ടില്ല. അനന്തമായ സാധ്യതകളുണ്ടായിട്ടും തരൂരിലേക്കുള്ള വിനോദസഞ്ചാരികളുടെ വരവ് കുറയാൻ പ്രധാന കാരണം ഇതാണ്.

### നിർദ്ദേശങ്ങൾ

- **സംഗീതത്തിന്റെ സിരാകേന്ദ്രം:** കർണ്ണാടക സംഗീതത്തിലെ അതികായകരായ ചെമ്പൈ വൈദ്യനാഥ ഭാഗവതർ, പുതുക്കോട് കൃഷ്ണമൂർത്തി എന്നിവരുടെ ജന്മനാടാണ് തരൂർ. ഈ പൈതൃകം ഉൾക്കൊണ്ട്, സംഗീതത്തിന്റെ ഒരു പ്രധാന കേന്ദ്രമായി തരൂരിനെ പുനർചിന്തനം ചെയ്യണം. സംഗീത പഠന കേന്ദ്രങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, തരൂരിന്റെ ചരിത്രവും പൈതൃകവും വിളിച്ചോതുന്ന മ്യൂസിയങ്ങൾ എന്നിവ ഇവിടെ സ്ഥാപിക്കണം.
- **വേലകളുടെ പൈതൃകം:** കാവശ്ശേരി, തരൂർ എന്നിങ്ങനെ മണ്ഡലത്തിൽ പല ഇടങ്ങളിലും കൊയ്ത്തുമായി ബന്ധപ്പെട്ട വേലകൾ പൈതൃകത്തിൻെറ ഭാഗമാണ്. ഇത് ഉയർത്തികാണിക്കുകയും കേരളത്തിൻറെ ടൂറിസം ഭൂപടത്തിൻെറ ഭാഗമാക്കുകയും വേണം.
- **നന്നങ്ങാടി കേന്ദ്രങ്ങൾ:** കുത്തന്നൂരിൽ കണ്ടെത്തിയ നന്നങ്ങാടികളെ കേന്ദ്രീകരിച്ച് പൈതൃക ടൂറിസം വികസിപ്പിക്കേണ്ടതുണ്ട്. ഇതിനായി മുൻപ് സർവേകൾ നടത്തിയിരുന്നെങ്കിലും, ഇവയെ കേരളത്തിന്റെ സാംസ്കാരിക ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്താൻ ക്രിയാത്മകമായ നടപടികൾ അനിവാര്യമാണ്.
- **ഇക്കോ ടൂറിസവും ഫാം ടൂറിസവും:** സിനിമാ ലൊക്കേഷനുകളായി പലപ്പോഴും ശ്രദ്ധ നേടിയിട്ടുള്ള കൊല്ലങ്കോടിന് സമാനമായ പ്രകൃതിഭംഗിയും വിനോദസഞ്ചാര സാധ്യതകളുമുള്ള പ്രദേശങ്ങളാണ് തരൂരിലെ കോട്ടായി, പെരിങ്ങോട്ടുകുറുശ്ശി, ചെണ്ടക്കൽ എന്നിവ വിനോദസഞ്ചാരികൾക്ക് തരൂരിലെ ഗ്രാമീണ ജീവിതം നേരിട്ട്

അനുഭവിച്ചറിയാൻ കഴിയുന്ന രീതിയിൽ ഈ പ്രദേശങ്ങളെ ഇക്കോ ടൂറിസം അല്ലെങ്കിൽ ഫാം ടൂറിസം പദ്ധതികളായി വികസിപ്പിക്കണം. ആസൂത്രണം ചെയ്തിട്ടുള്ള ചെണ്ടക്കൽ ഇക്കോ ടൂറിസം പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കണം.

- **അയ്യപ്പൻകുന്ന് ഡാം**: വെണ്ണിലപുരത്തുള്ള അയ്യപ്പൻകുന്ന് ഡാമിന് പ്രദേശത്തെ ടൂറിസം സാധ്യതകൾ വലിയ തോതിൽ വർദ്ധിപ്പിക്കാൻ കഴിയും. ഇത് ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കണം.
- **മിനി പമ്പ**: നിരവധി അയ്യപ്പ ഭക്തർ എത്തുന്ന മംഗലം പ്രദേശത്ത് മികച്ച ശൗചാലയ സമുച്ചയങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ശബരിമല തീർത്ഥാടകർക്കായി മാത്രമുള്ള ഒരു 'മിനി പമ്പ' ആയി ഈ പ്രദേശത്തെ വികസിപ്പിക്കാൻ സാധിക്കും.
- പാലക്കാടിന്റെ സാംസ്കാരിക തലസ്ഥാനമായി അറിയപ്പെടുന്ന തരൂരിന്റെ സാംസ്കാരിക തനിമ നിലനിർത്താൻ കെ.പി.കേശവമേനോൻ, കോമ്പുകുട്ടി മേനോൻ ഉൾപ്പെടെയുള്ള സ്വാതന്ത്ര്യസമര സേനാനികളുടെ പൈതൃകം നിലനിറുത്താൻ പദ്ധതി
- പുതുക്കോട് കൃഷ്ണമൂർത്തി ഭാഗവതർ സ്മാരക മന്ദിരം
- തരൂർ ആയൂർവേദ ആശുപത്രിയെ ആരോഗ്യ ടൂറിസവുമായി ബന്ധപ്പെടുത്തി പദ്ധതി
- മണ്ലത്തിലെ വിവിധ പ്രദേശങ്ങളിൽ ചെറു ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കുക
- ജലാശയകേന്ദ്രങ്ങളിൽ പ്രകൃതിക്കിണങ്ങിയ ബോട്ട് സർവ്വീസുകൾ
- **മറ്റ് ഇടങ്ങൾ**: ചെകിട് മല, കാരമല, ചൂലനൂർ മയിൽ സങ്കേതം എന്നിവ വലിയ വിനോദ സഞ്ചാര കേന്ദ്രങ്ങളാവാൻ സാധ്യത ഉള്ളതാണ്. ഇത് നേരാംവിധം വികസിപ്പിക്കുകയും ജനങ്ങളുടെ ഇടയിൽ മാർക്കറ്റ് ചെയ്യുകയും വേണം.
- **എല്ലാവരേയും ഉൾച്ചേർക്കുന്ന വികസനം**: ലിംഗം, ജാതി, മതം, വർഗം, വർണം, രാഷ്ട്രീയ അനുഭവം എന്നിവ വ്യത്യാസമില്ലാതെ എല്ലാവരെയും വികസന പുരോഗതിയുടെ ഭാഗമാക്കുക.
- **രേഖകളടെയും ഡാറ്റയുടെയും അടിസ്ഥാനമാക്കിയ നയങ്ങൾ**: കൃത്യമായ പഠനത്തിന്റെയും, ഗവേഷണത്തിന്റേയും ലഭ്യമായ ഡാറ്റകളുടെ പിൻബലത്തിൽ നയരൂപീകരണമായ പദ്ധതികളും രൂപപ്പെടുത്തുക.
- ചെണ്ടക്കൽ വിനോദ സഞ്ചാരകേന്ദ്രമാക്കുക

## 05 – ആരോഗ്യം

തരൂർ നിയോജകമണ്ഡലത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് സർക്കാർ പ്രൈമറി ഹെൽത്ത് സെന്ററുകളെയും (PHC), കുടുംബാരോഗ്യ കേന്ദ്രങ്ങളെയും (FHC), എല്ലാറ്റിനുമുപരിയായി ആലത്തൂർ താലൂക്ക് ആശുപത്രിയെയുമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ജീവനക്കാരുടെ കുറവ്, സേവനങ്ങളുടെ ഗുണനിലവാരമില്ലായ്മ, ASHA-മാർ നേരിടുന്ന പ്രശ്നങ്ങൾ എന്നിവയാണ് ഈ മേഖലയിലെ ചർച്ചകളിൽ പ്രധാനമായും ഉയർന്നുവന്ന വിഷയങ്ങൾ.

പ്രധാന പ്രശ്നങ്ങൾ

01. **സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ (CHC) തകർച്ച**: മണ്ഡലത്തിൽ രണ്ട് CHC ഉണ്ടെങ്കിലും, പാഴമ്പാലക്കോട് CHCയുടെ ഒരു ഭാഗം പാരാമെഡിക്കൽ കോളേജിനായി വിട്ടുനൽകിയതിന് ശേഷം അവിടുത്തെ സേവനങ്ങളിൽ വലിയ ഇടിവുണ്ടായിട്ടുണ്ട്. കിടത്തിച്ചികിത്സ (In-Patient treatment), വൈകുന്നേരങ്ങളിലെ ഒ.പി (Out-Patient)തുടങ്ങിയ മുൻപ് ലഭ്യമായിരുന്ന സൗകര്യങ്ങളൊന്നും ഇപ്പോൾ ലഭ്യമല്ല. കൂടാതെ, സി.എച്ച്.സിക്കോ തരൂർ ഗ്രാമപഞ്ചായത്തിന് മുഴുവനായോ സേവനം നൽകാൻ ഒരു ആംബുലൻസ് സംവിധാനം പോലുമില്ലാത്തത് ഗുരുതരമായ വീഴ്ചയാണ്.

02. **ആയുർവേദ ആശുപത്രിയുടെ പരിമിതികൾ**: ആവശ്യത്തിന് സ്ഥലസൗകര്യമുണ്ടായിട്ടും, ആയുർവേദ ആശുപത്രിയിൽ രോഗികൾക്ക് കൃത്യമായൊരു കാത്തിരിപ്പുകേന്ദ്രമില്ലാത്തത് ഒ.പിയിലെ തിരക്ക് വർദ്ധിപ്പിക്കുന്നു. ആശുപത്രിയിൽ മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ, ഉയർന്ന വില കൊടുത്ത് പുറത്തുള്ള സ്വകാര്യ മെഡിക്കൽ ഷോപ്പുകളിൽ നിന്ന് മരുന്ന് വാങ്ങാൻ രോഗികൾ നിർബന്ധിതരാകുന്നതാണ് മറ്റൊരു പ്രധാന പരാതി.

03. **ASHA-മാരുടെ ദുരിതങ്ങൾ**: ASHA-മാർക്ക് അമിതമായ ജോലിഭാരമാണുള്ളത്. എന്നാൽ ഇതിന് ആനുപാതികമായ പരിശീലനമോ, പരിഗണനയോ, യാത്രാബത്തയോ (TA/DA)അവർക്ക് ലഭിക്കുന്നില്ല. മതിയായ സൗകര്യങ്ങളില്ലാത്ത, അനാരോഗ്യകരമായ ചുറ്റുപാടുകളുള്ള അങ്കണവാടികളിലിരുന്ന് ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സേവനങ്ങൾ നൽകാൻ അവർ നിർബന്ധിതരാകുന്നു.

04. **സബ് സെന്ററുകളുടെ ശോചനീയാവസ്ഥ**: അറ്റകുറ്റപ്പണികളുടെ അഭാവം മൂലം നിലവിലുള്ള സബ് സെന്ററുകൾ അതീവ ശോചനീയാവസ്ഥയിലാണ്. പൊതുജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഇവ അപര്യാപ്തമാണ്. പാടൂർ CHCയുടെ ശോചനീയാവസ്ഥ ഇതിന് സാക്ഷ്യമാണ്.

05. **24x7മൃഗാശുപത്രിയുടെ അഭാവം**: ഉപജീവനത്തിനായി പ്രധാനമായും മൃഗസംരക്ഷണത്തെ ആശ്രയിക്കുന്ന വലിയൊരു ജനവിഭാഗമുള്ള ഇവിടെ, 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗചികിത്സാ സൗകര്യങ്ങളില്ലാത്തത് വലിയൊരു പോരായ്മയാണ്. പാലക്കാട് ജില്ലാ വെറ്ററിനറി ആശുപത്രിയിൽ മാത്രമാണ് നിലവിൽ ഈ സൗകര്യമുള്ളത്.

06. **തരൂർ മണ്ഡലത്തിന്റെ സവിശേഷ ആരോഗ്യ ആവശ്യങ്ങൾ**: മണ്ഡലത്തിൽ ഡയാലിസിസ് യൂണിറ്റുകളുടെ വലിയ കുറവുണ്ട്. കൂടാതെ, പ്രദേശത്ത് കൂടുതലായി കണ്ടുവരുന്ന ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്കും ചുമയ്ക്കും കൃത്യമായ ചികിത്സ നൽകുന്നതിന് എൻഡോസ്കോപ്പി ഉൾപ്പെടെയുള്ള വിദഗ്ധ സേവനങ്ങളുടെ ആവശ്യകതയുമുണ്ട്.

07. **പാരാമെഡിക്കൽ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ**: തരൂർ ഗവൺമെന്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഹോസ്റ്റലിൽ കുടിവെള്ളം, ശൗചാലയങ്ങൾ തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്തതിനാൽ, മറ്റ് സ്ഥലങ്ങളിൽ സ്വകാര്യ താമസസൗകര്യങ്ങൾ തേടാൻ വിദ്യാർത്ഥികൾ നിർബന്ധിതരാകുന്നു.

## നിർദ്ദേശങ്ങൾ

- **സി.എച്ച്.സികളുടെ നവീകരണം**: പൊതുജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ (CHCs) അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും അടിയന്തരമായി മെച്ചപ്പെടുത്തണം. ഇതിനായി ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്, എം.എൽ.എ ഫണ്ടുകൾ പ്രയോജനപ്പെടുത്താം. നിയോജകമണ്ഡലത്തിൽ മുഴുവൻ സേവനം ലഭ്യമാക്കുന്നതിനായി സി.എച്ച്.സികൾക്ക് ആംബുലൻസുകൾ വാങ്ങുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം.
- **ആയുർവേദ ആശുപത്രിയുടെ ശാക്തീകരണം**: ഒ.പിയിലെ തിരക്ക് സംബന്ധിച്ച പ്രശ്നങ്ങൾ കൃത്യമായി പഠിക്കുകയും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുകയും വേണം. മേൽക്കൂരയുള്ള ഒരു കാത്തിരിപ്പുകേന്ദ്രം നിർമ്മിച്ചാൽ ഒ.പിയിലെ തിരക്കിന് ഒരു പരിധിവരെ പരിഹാരമാകും. മരുന്നുകളുടെ ദൗർലഭ്യത്തിനും അടിയന്തരമായി പരിഹാരം കാണണം.
- **ASHA-മാർക്കുള്ള പിന്തുണ**:ASHA-മാർക്ക് കൃത്യമായ യാത്രാബത്ത (TA/DA) ഉറപ്പാക്കുന്നതിനും, ജോലിഭാരം ക്രമീകരിക്കുന്നതിനും, നാഷണൽ ഹെൽത്ത് മിഷന്റെ (NHM) പരിശീലന മൊഡ്യൂളുകൾ പ്രകാരം മൂന്നുമാസത്തിലൊരിക്കൽ നിർബന്ധിത പരിശീലനം നൽകുന്നതിനും സംസ്ഥാനതലത്തിൽ നിയമനിർമ്മാണം ആവശ്യമാണ്.
- **സബ് സെന്ററുകളുടെ നവീകരണം**: സബ് സെന്ററുകളിൽ പൈപ്പ് വെള്ളം, വൃത്തിയുള്ള ശൗചാലയങ്ങൾ, മുഴുവൻ സമയ ഓക്സിലറി നഴ്സ് മിഡ്‌വൈഫിന്റെ (ANM) സേവനം, പ്രവർത്തനക്ഷമമായ ഉപകരണങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഒരു ജനകീയ പങ്കാളിത്ത പദ്ധതിക്ക് അടിയന്തര മുൻഗണന നൽകണം.
- **പാരാമെഡിക്കൽ ഹോസ്റ്റൽ സൗകര്യങ്ങൾ**: പാരാമെഡിക്കൽ ഹോസ്റ്റലിലെ സൗകര്യങ്ങൾ അടിയന്തരമായി മെച്ചപ്പെടുത്തണം. ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ഈ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തണം.
- സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ കാൻസർ പരിശോധന, വൈകുന്നേരങ്ങളിൽ ഒ.പി. സംവിധാനം, കിടത്തിചികിത്സ, ഡയാലിസിസ് സംവിധാനം
- **24x7മൃഗചികിത്സാ സൗകര്യങ്ങൾ**: നിയോജകമണ്ഡലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. മൃഗസംരക്ഷണ മേഖലയെ ആശ്രയിക്കുന്ന ജനങ്ങളുടെ എണ്ണം പരിഗണിച്ച് ഇതിന് പ്രഥമ പരിഗണന നൽകണം.
- **തരൂരിന്റെ ആരോഗ്യ ആവശ്യങ്ങൾ മനസ്സിലാക്കൽ**: തരൂരിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി വിലയിരുത്തുന്നതിനായി വാർഡ് തലത്തിൽ വിശദമായ ഒരു ആരോഗ്യ സർവേ നടത്തണം. സർവേയിലൂടെ ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്താൻ അധികാരികൾക്ക് സാധിക്കും.
- നിയോജകമണ്ഡലത്തിൽ ഓട്ടിസം - പഠന ഗവേഷണ കേന്ദ്രം

## 06 – വാണിജ്യംിസംരംഭങ്ങൾ

തരൂരിന്റെ വ്യവസായ-വാണിജ്യ മേഖലകൾ ഇപ്പോഴും അവികസിതമാണ്. കാർഷിക മേഖലയ്ക്കും ഗ്രാമീണ ജീവിതത്തിനും മുൻതൂക്കമുള്ള ഈ നിയോജകമണ്ഡലത്തിൽ ഇത് ജനങ്ങൾക്ക് വലിയ സാമ്പത്തിക പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. മണ്ഡലത്തിന്റെ സമഗ്രവികസനത്തിന് ബിസിനസ്സ് മേഖലയുടെ വളർച്ച അനിവാര്യമാണ്.

### പ്രധാന പ്രശ്നങ്ങൾ

01. **നികുതി വർദ്ധനവ്:** കുത്തനെ വർദ്ധിപ്പിച്ച നികുതികൾ കാരണം വ്യാപാരികൾ വലിയ പ്രതിസന്ധിയിലാണ്. ജീവനക്കാരുടെ പ്രൊഫഷണൽ ടാക്സ് മൂന്നിരട്ടിയായി വർദ്ധിച്ചു. സ്ഥാപനങ്ങളുടെ നികുതി 2500/-രൂപയായും ഉയർത്തി. ഇതിനുപുറമെ, ഇ.എസ്.ഐ (ESI), പി.എഫ് (PF)എന്നിവയിലേക്കുള്ള സർക്കാരിന്റെ വിഹിതം വെട്ടിക്കുറച്ചതിനാൽ തൊഴിലുടമകൾക്ക് ഉയർന്ന തുക അടയ്ക്കേണ്ടി വരുന്നു.

02. **ലഭിക്കാത്ത സബ്സിഡികൾ:** സർക്കാരിന്റെ എം.എസ്.എം.ഇ (MSME) പദ്ധതി പ്രകാരം 30 ലക്ഷം രൂപ വരെ സബ്സിഡി ലഭിക്കാൻ അർഹതയുണ്ടെങ്കിലും, 2020 മുതൽ ഒരു സംരംഭകന് പോലും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

03. **തന്ത്രപ്രധാനമായ പദ്ധതികളുടെ അഭാവം:** വ്യാപാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനോ, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനോ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോ ഉതകുന്ന വലിയ പദ്ധതികളൊന്നും നിലവിൽ മണ്ഡലത്തിലില്ല. പൂർണ്ണമായ അവഗണനയാണ് ഈ അവസ്ഥയ്ക്ക് കാരണമെന്ന് പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.

04. **നിക്ഷേപങ്ങളിലുണ്ടായ ഇടിവ്:** വിവിധ മേഖലകളിൽ നിക്ഷേപങ്ങളിലും ഉല്പാദനത്തിലും വലിയ കുറവുണ്ടായിട്ടുണ്ട്. ഉല്പാദകരാകുന്നതിന് പകരം ഇടനിലക്കാരാകാനാണ് കൂടുതൽ പേരും ഇന്ന് താല്പര്യപ്പെടുന്നത്.

05. **അഴിമതിയും പിഴയീടാക്കലും:** ഉദ്യോഗസ്ഥതലത്തിൽ വ്യാപകമായ അഴിമതി നടക്കുന്നുണ്ടെന്ന് സംരംഭകർ പറയുന്നു. പ്രാദേശിക വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പിഴയായി ഒരു നിശ്ചിത തുക ഈടാക്കാൻ ഉദ്യോഗസ്ഥർക്ക് അനൗദ്യോഗികമായി നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നും ആരോപണമുണ്ട്.

06. **കോവിഡാനന്തര സാമ്പത്തിക പ്രതിസന്ധി:** കോവിഡ് മഹാമാരിക്ക് ശേഷം ഉൽപ്പന്നങ്ങളുടെ വിലയിലുണ്ടായ വൻ ഇടിവ് പ്രാദേശിക ഉല്പാദകരുടെ ലാഭവിഹിതത്തെ സാരമായി ബാധിച്ചിട്ടുണ്ട് (ഉദാഹരണത്തിന്, വെർജിൻ വെളിച്ചെണ്ണ ഉല്പാദകർ).

## നിർദ്ദേശങ്ങൾ

- **MSME (Micro, Small and Medium Enterprises)സബ്സിഡികൾ വിതരണം ചെയ്യുക:** 2020 മുതൽMSMEസബ്സിഡികൾ വിതരണം ചെയ്യാത്തത് ഭരണനിർവ്വഹണത്തിലെ വലിയ വീഴ്ചയാണ്. ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കണം.
- **പ്രാദേശിക ഉൽപ്പന്നങ്ങൾക്കുള്ള ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ (GI) ടാഗിംഗും ഡിജിറ്റൽ വിപണനവും:** തരൂരിന്റെ തനത് ഉൽപ്പന്നങ്ങൾക്ക് ഏക ടാഗ് ലഭ്യമാക്കുന്നത് പോലെയുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കണം. ഇതിനൊപ്പം, കേന്ദ്ര സർക്കാരിന്റെ ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സുമായി (ONDC) പ്രാദേശിക ഉല്പാദകരെ ബന്ധിപ്പിക്കണം. രാജ്യത്തൊട്ടാകെയുള്ള നഗരങ്ങളിലെ ഉപഭോക്താക്കളിലേക്കും സ്ഥാപനങ്ങളിലേക്കും നേരിട്ട് ഉൽപ്പന്നങ്ങൾ എത്തിക്കാൻ ഇത് സഹായിക്കും.
- **സംരംഭകർക്കുള്ള നൈപുണി വികസന പരിപാടികൾ:** നിയോജകമണ്ഡലാടിസ്ഥാനത്തിൽ സംരംഭകർക്കും ഈ രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർക്കുമായി ദീർഘകാലാടിസ്ഥാനത്തിൽ പരിശീലനക്ലാസുകൾ സംഘടിപ്പിക്കണം. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, സംരംഭകത്വത്തിന്റെ അടിസ്ഥാന പാഠങ്ങൾ, മികച്ച സംരംഭകനാകാനുള്ള മാർഗ്ഗങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഇതിൽ ഉൾപ്പെടുത്തണം.
- **തരൂർ മണ്ഡലത്തിനൊരു ഇൻഡസ്ട്രിയൽ ക്ലസ്റ്റർ:** തന്ത്രപ്രധാനമായ പദ്ധതികളുടെ അഭാവമാണ് ദീർഘകാലാടിസ്ഥാനത്തിൽ മണ്ഡലത്തെ ഏറ്റവും കൂടുതൽ ബാധിക്കുന്നത്. അതിനാൽ, ഒരു ഇൻഡസ്ട്രിയൽ ക്ലസ്റ്റർ (വ്യവസായ സമുച്ചയം) അടിയന്തരമായി സ്ഥാപിക്കണം. ഇത് സംരംഭകരുടെ സാമ്പത്തിക ബാധ്യതകൾ കുറയ്ക്കാനും, വൻകിട സ്ഥാപനങ്ങളെ ആകർഷിക്കാനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹായിക്കും.
- **പ്രാദേശിക സാമ്പത്തിക വികസന പദ്ധതി:** പ്രാദേശികതലത്തിൽ ഒരു സാമ്പത്തിക വികസന പദ്ധതിയുടെ (Local Economic Development Plan)അഭാവമാണ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. നിലവിലുള്ള ബിസിനസ്സുകൾ, വളർച്ചാ സാധ്യതയുള്ള മേഖലകൾ, ലഭ്യമായ സർക്കാർ പദ്ധതികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് കൃത്യമായൊരു പദ്ധതി രേഖ തയ്യാറാക്കണം. നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ, സബ്സിഡി വിതരണം എന്നിവയ്ക്ക് വാർഷിക ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും വേണം.

## 07 – യുവജനങ്ങൾ

തരൂരിലെ യുവതലമുറ നാടിന്റെ വാഗ്ദാനങ്ങളാണ്. എന്നാൽ സാമൂഹിക-സാമ്പത്തിക പരിമിതികൾ, തൊഴിലില്ലായ്മ, രാഷ്ട്രീയ ഇടപെടലുകൾ, വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം, നൈപുണ്യ വികസന പരിപാടികളുടെ അപര്യാപ്തത എന്നിവയെല്ലാം അവർക്ക് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. അതിനാൽ, യുവാക്കളെ ഭാവിയിലെ മികച്ച നേതൃനിരയിലേക്ക് ഉയർത്താൻ പര്യാപ്തമായ കൃത്യമായ നയങ്ങൾ അടിയന്തരമായി രൂപീകരിക്കേണ്ടതുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

01. **രാഷ്ട്രീയ ഇടപെടലുകൾ:** താൽക്കാലിക നിയമനങ്ങളിൽ ചില പ്രത്യേക രാഷ്ട്രീയ പാർട്ടികളിൽപെട്ടവർക്ക് മാത്രം മുൻഗണന നൽകുന്നുവെന്നത് വലിയ പരാതിയാണ്. കൂടാതെ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള വിവരങ്ങൾ സാധാര ണക്കാർക്ക് പലപ്പോഴും വൈകിയാണ് ലഭിക്കുന്നതെന്നും ചർച്ചയിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.

02. **തൊഴിൽപ്രതിസന്ധി:** കഴിഞ്ഞ കുറച്ചുവർഷങ്ങളായി യുവജനങ്ങൾക്കായി പ്രത്യേക പദ്ധതികളോ, സംരംഭകത്വ പരിപാടികളോ, തൊഴിലവസരങ്ങൾ സൃഷ്ടി ക്കുന്നതിനുള്ള നടപടികളോ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടില്ല. സംരംഭകർക്ക് വായ്പ ലഭിക്കാനുള്ള ബുദ്ധിമുട്ടും സംരംഭകത്വ പരിശീലനങ്ങളുടെ അഭാവവും മണ്ഡലത്തിലെ തൊഴിലവസരങ്ങൾ ഇല്ലാതാക്കുന്നു.

03. **യുവജനങ്ങളും കൃഷിയും:** കാർഷിക മേഖല ലാഭകരമല്ലാത്തതിനാലും അതിനോ ടുള്ള താല്പര്യക്കുറവാലും യുവജനങ്ങൾ ഈ രംഗത്തേക്ക് കടന്നുവരുന്നില്ല. സബ്സിഡികൾ ലഭിക്കുന്നതുകൊണ്ട് മാത്രമാണ് പലരും ഇപ്പോൾ ഈ മേഖലയിൽ തുടരുന്നത്. അതിനാൽ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാൻ ഗ്രാമപഞ്ചാ യത്ത് തലത്തിലുള്ള ഇടപെടലുകൾ ആവശ്യമാണ്. സർക്കാർ ജോലി നേടാനോ അല്ലെങ്കിൽ വിദേശത്തേക്ക് പോകാനോ ആണ് ഇന്നത്തെ യുവതലമുറ പ്രധാനമായും ആഗ്രഹിക്കുന്നത്.

04. **നൈപുണി വികസനത്തിന്റെ അഭാവം:** യുവജനങ്ങൾക്ക്, പ്രത്യേകിച്ച് താൽക്കാ ലിക ജീവനക്കാർക്ക് ജോലിയ്ക്കാവശ്യമായ കൃത്യമായ പരിശീലനം ലഭിക്കുന്നില്ല. കരിയർ ഗൈഡൻസ്, ലൈംഗിക വിദ്യാഭ്യാസം, പൗരബോധം (Civic sense) എന്നിവ യുടെ കാര്യത്തിലും വലിയ കുറവുണ്ട്. സമൂഹമാധ്യമങ്ങളെക്കുറിച്ചുള്ള അവബോധവും അടിസ്ഥാന ധാർമ്മികമൂല്യങ്ങളും യുവജനങ്ങൾക്ക് പകർന്നുനൽ കേണ്ടതുണ്ട്.

05. **ലഹരി ഉപയോഗം:** ചെറിയ കുട്ടികൾക്കിടയിൽപ്പോലും ലഹരി ഉപയോഗം വ്യാപക മാണ്. ഈ വിഷയം കൈകാര്യം ചെയ്യുന്നതിൽ പോലീസിന്റെയും എക്സൈസ് വകുപ്പിന്റെയും പ്രവർത്തനങ്ങൾ അപര്യാപ്തമാണ്. ലഹരി ഉപയോഗത്തിനെ തിരെയുള്ള ബോധവൽക്കരണം, മാനസികാരോഗ്യ പിന്തുണ, ഡീ-അഡിക്ഷൻ സൗകര്യങ്ങൾ എന്നിവ അടിയന്തരമായി ലഭ്യമാക്കേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

- **അറിയിപ്പ് സംവിധാനം:** തൊഴിലവസരങ്ങൾ, മറ്റ് പ്രധാന പരിപാടികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും അറിയിപ്പുകളും കുറഞ്ഞത് 30 ദിവസം മുൻപെങ്കിലും പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം.
- **ബിസിനസ്സ് ഇൻകുബേഷൻ സെൽ:** കുടുംബശ്രീ മിഷന്റെ കീഴിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു ബിസിനസ്സ് ഇൻകുബേഷൻ സെൽ ആരംഭിക്കണം. ഒറ്റത്തവണ നടത്തുന്ന ക്യാമ്പുകളെക്കാൾ സംരംഭകർക്ക് നിരന്തരമായ പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകാൻ ഇത്തരം സംവിധാനങ്ങൾക്ക് സാധിക്കും.
- തൊഴിലധിഷ്ഠിത പഠന കേന്ദ്രങ്ങൾ (റോബോട്ടിക്സ്, ജെനെറ്റിക് എഞ്ചിനീയറിംഗ്)

- **യുവ കർഷക പദ്ധതി**: കൃഷിഭവനിൽ സജീവ കർഷകരായി രജിസ്റ്റർ ചെയ്തിട്ടുള്ള 35 വയസ്സിന് താഴെയുള്ള യുവാക്കൾക്ക് പ്രതിമാസം ചെറിയൊരു ഓണറേറിയം നൽകുന്ന 'യുവ കർഷക' പദ്ധതി ഗ്രാമപഞ്ചായത്ത് തലത്തിൽ ആരംഭിക്കണം. യുവാക്കൾക്ക് കൃഷിയെ ലാഭകരവും ആകർഷകവുമാക്കാൻ അഗ്രി-ടൂറിസം പദ്ധതികളിൽ കൂടുതൽ നിക്ഷേപം നടത്തണം.
- **സിറ്റിസൺ സ്കൂൾ (പൗരത്വ പാഠശാല)**: വിരമിച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, മാതൃകാ യുവാക്കൾ, എൻ.എസ്.എസ്(NSS)വോളന്റിയർമാർ എന്നിവരുടെ നേതൃത്വത്തിൽ വാർഡ് തലത്തിൽ പ്രതിമാസം 'സിറ്റിസൺ സ്കൂൾ' സംഘടിപ്പിക്കണം. ലൈംഗിക വിദ്യാഭ്യാസം, ലഹരിവിരുദ്ധ ബോധവൽക്കരണം, വോട്ടവകാശം, വിവരാവകാശ നിയമം, സാമ്പത്തിക സാക്ഷരത, പൗരബോധം, റോഡ് സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ സായാഹ്ന ക്ലാസുകൾ നൽകാം.
- **ലഹരി വിരുദ്ധ നിരീക്ഷണ സമിതി (Drug Watch Committee)**: ജില്ലാ മാനസികാരോഗ്യ പരിപാടിയുമായി സഹകരിച്ച് പഞ്ചായത്ത് ആരോഗ്യ സമിതികൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും പ്രാദേശിക സ്കൂളുകളിൽ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കണം. കൂടാതെ, അധ്യാപകർ,ASHA-മാർ, കുടുംബശ്രീ അംഗങ്ങൾ, യൂത്ത് ക്ലബ് ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി വാർഡ് തലത്തിൽ ലഹരി വിരുദ്ധ നിരീക്ഷണ സമിതികൾ രൂപീകരിക്കണം.
- **മൾട്ടി-യൂസ് യൂത്ത് സെന്റർ**: എം.എൽ.എ ഫണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും ഉപയോഗിച്ച് എല്ലാവർക്കും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന ഒരിടത്ത് വായനശാല, ഇൻഡോർ സ്പോർട്സ്, ജിം, ഡിജിറ്റൽ സാക്ഷരതാ കേന്ദ്രം, കൗൺസിലിംഗ് റൂം എന്നിവ ഉൾപ്പെടുന്ന ഒരു 'മൾട്ടി-യൂസ് യൂത്ത് സെന്റർ' സ്ഥാപിക്കണം.
- **വാർഷിക തരൂർ യുവജനോത്സവം**: എല്ലാ വാർഡുകളിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട്, രാഷ്ട്രീയ ഭേദമന്യേ നിയോജകമണ്ഡലാടിസ്ഥാനത്തിൽ കലാ-കായിക-സംരംഭകത്വ മേള (യുവജനോത്സവം) സംഘടിപ്പിക്കണം. ഒരു പ്രത്യേക യുവജന സമിതിക്കായിരിക്കണം ഇതിന്റെ നടത്തിപ്പ് ചുമതല.
- **കണ്ണമ്പ്രയുടെ വോളിബോൾ പൈതൃകം പുനരുജ്ജീവിപ്പിക്കൽ**: ഒരുകാലത്ത് ഈ മേഖലയിലെ ഒരു പ്രധാന കായിക ഇനമായിരുന്നു വോളിബോൾ. ഈ കായികരംഗത്ത് പ്രശസ്തി നേടിയ പ്രാദേശിക കളിക്കാരെ ആളുകൾ ഇപ്പോഴും ഓർക്കുന്നു. യുവാക്കളെ ഈ കായികരംഗത്ത് കൂടുതൽ പങ്കാളികളാക്കുന്നതിനും തുടർന്ന് അത് വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പ്രത്യേക വോളിബോൾ ടൂർണമെന്റും അനുബന്ധ പരിശീലന പരിപാടികളും നടത്താവുന്നതാണ്.

## 08 – അടിസ്ഥാന സൗകര്യങ്ങൾ

**പദ്ധതികൾ** നടപ്പിലാക്കുന്നതിലെ നിരന്തരമായ കാലതാമസം, അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ, ഗതാഗതം, ആരോഗ്യം, ജലസേചനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവയാണ് തരൂർ നിയോജകമണ്ഡലം നേരിടുന്ന പ്രധാന വെല്ലുവിളികൾ.

## പ്രധാന പ്രശ്നങ്ങൾ

01. **ഗതാഗതവും റോഡ് സൗകര്യങ്ങളും**:ഗതാഗത പദ്ധതികൾ നടപ്പിലാക്കുന്നതിലെ വലിയ കാലതാമസം യാത്രാക്ലേശം വർദ്ധിപ്പിക്കുന്നു. പാഴമ്പാലക്കോട്-കഴനി ചുങ്കം റോഡ്, കൂറ്റനാട്-മുപ്പഴ റോഡ് എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. ചിറക്കോട് പാലം പോലെയുള്ള അപകടാവസ്ഥയിലായ പാലങ്ങളും മണ്ഡലത്തിലുണ്ട്. പെരിങ്ങോട്ടുകുറിശ്ശിയിൽ, ബസ് സ്റ്റാൻഡ് സൗകര്യത്തിന്റെ അഭാവം ജനങ്ങളുടെ ദൈനംദിന യാത്രാസൗകര്യം ബുദ്ധിമുട്ടാക്കുന്നു. കോട്ടായി ബസ് സ്റ്റാൻഡ് അശാസ്ത്രീയമായി നിർമ്മിച്ചതാണെന്നും പദ്ധതി ഫണ്ട് കാര്യക്ഷമമായി വിനിയോഗിച്ചില്ലെന്നും പ്രതികരിച്ചവർ പറയുന്നു. കുത്തന്നൂർ പഞ്ചായത്ത് പരിധിയിൽ ബസ് സ്റ്റോപ്പുകൾ ഇല്ലെന്നും പരാമർശിക്കപ്പെട്ടു.

02. **ആരോഗ്യ-സ്ഥാപന അടിസ്ഥാന സൗകര്യങ്ങൾ**: കോട്ടായി പി.എച്ച്.സി, പാടൂർ സി.എച്ച്.സി തുടങ്ങി ശോചനീയാവസ്ഥയിലായ ആരോഗ്യ കേന്ദ്രങ്ങൾ അടിയന്തര ശ്രദ്ധ അർഹിക്കുന്നു. പാടൂർ സിഎച്ച്സി സബ്സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം കഴിഞ്ഞ ഒരു വർഷമായി അനിശ്ചിതത്വത്തിലാണ്. വടക്കഞ്ചേരിയിലേതു പോലെ അഗ്നിരക്ഷാ സേനയ്ക്ക് സ്വന്തമായി കെട്ടിടമില്ലാത്തതും വലിയ പ്രശ്നമാണ്.

03. **കുടിവെള്ളം, മാലിന്യ സംസ്കരണം, ജലസേചനം**: ജൽ ജീവൻ മിഷൻ പോലുള്ള പദ്ധതികൾ ഉണ്ടായിട്ടും കോട്ടായിയിലെയും പട്ടികജാതി കോളനികളിലെയും നിരവധി വീടുകളിൽ ഇപ്പോഴും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്. കനാലുകളിലെ ചെളി കൃത്യമായി നീക്കം ചെയ്യാത്തതിനാൽ ജലസേചനവും തടസ്സപ്പെടുന്നു. മണ്ഡലത്തിൽ മാലിന്യ സംസ്കരണ പ്ലാന്റുകളോ മറ്റ് സംവിധാനങ്ങളോ ഇല്ലാത്തത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

04. **പൊതു-സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ**: കോട്ടായി നിവാസികൾക്ക് സ്വന്തമായി ഒരു പൊതു ശ്മശാനമില്ലാത്തതിനാൽ മൃതദേഹങ്ങൾ സംസ്കരിക്കാൻ ദൂരസ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. പെരിങ്ങോട്ടുകുറിശ്ശി, കാവശ്ശേരി എന്നിവിടങ്ങളിലെ നിലവിലെ ശ്മശാനങ്ങളിൽ വെള്ളക്കെട്ടുള്ളതിനാൽ അവ ഉപയോഗശൂന്യമായ അവസ്ഥയിലാണ്. പൊതുശ്മശാനങ്ങൾ പോലുള്ള അവശ്യ സേവനങ്ങൾ മണ്ഡലത്തിലുടനീളം ലഭ്യമല്ല അല്ലെങ്കിൽ ശരിയായി പ്രവർത്തിക്കുന്നില്ല. പല പദ്ധതികളുടേയും ഉദ്ഘാടനം മാത്രം ചെയ്യുകയും, പിന്നീട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചില്ലെന്നും പരാതിയുണ്ട്. കൂടാതെ, വിനോദത്തിനും സാംസ്കാരിക ആവശ്യങ്ങൾക്കുമുള്ള അടിസ്ഥാന സൗകര്യങ്ങളും മണ്ഡലത്തിൽ വളരെ പരിമിതമാണ്.

05. **അപൂർണ്ണമായ അടിസ്ഥാന സൗകര്യ വികസനം**: മണ്ഡലത്തിലുടനീളമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപൂർണ്ണമായ വികസനമാണ് മറ്റൊരു പൊതു പരാതി. മറ്റു പല അങ്കണവാടികളിലെ പോലെ ചിറയ്ക്കോട് അങ്കണവാടിയും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമല്ല. പെരിങ്ങോട്ടുകുറിശ്ശിയിലെ വി.എൻ.എസ്. ലൈബ്രറിയാണ് മറ്റൊരു ഉദാഹരണം, അവിടെ വെറും നാല് കസേരകളല്ലാതെ മറ്റ് അവശ്യ സൗകര്യങ്ങളുമില്ല.

## നിർദ്ദേശങ്ങൾ

- **നിയോജകമണ്ഡലാടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ സർവേ:** മണ്ഡലത്തിൽ തകർന്നുകിടക്കുന്നതും അവഗണിക്കപ്പെട്ടതുമായ റോഡുകളുടെ വ്യക്തമായ കണക്കെടുക്കുന്നതിനായി ഒരു സമഗ്ര സർവ്വേ നടത്തണം.
- **അടിസ്ഥാന സൗകര്യ വികസന അദാലത്തുകൾ:** മുൻഗണനാക്രമത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ തീരുമാനിക്കുന്നതിനായി പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി നിയോജകമണ്ഡല തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കണം.
- **ശ്മശാനങ്ങളുടെ നവീകരണം:** കാവശ്ശേരി, മഞ്ഞപ്ര എന്നിവിടങ്ങളിലെ ശ്മശാനങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ ഡ്രെയിനേജ് സംവിധാനങ്ങളും സിവിൽ എഞ്ചിനീയറിംഗ് നവീകരണങ്ങളും ആവശ്യമാണ്. ഇതിനൊരു ശാശ്വത പരിഹാരമെന്ന നിലയിൽ ശ്മശാനത്തിന്റെ തറനിരപ്പ് ഉയർത്തുകയും, മൂടിയ ഡ്രെയിനേജ് സംവിധാനം ഒരുക്കുകയും, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ മേൽക്കൂര നിർമ്മിക്കുകയും വേണം.
- **മാലിന്യ സംസ്കരണം:** എല്ലാ വാർഡുകളിലും കുടുംബശ്രീയുടെ കീഴിൽ ഹരിത കർമ്മ സേനകൾ രൂപീകരിച്ച് മാലിന്യ സംസ്കരണം ഒരു ഉപജീവനമാർഗ്ഗമാക്കി മാറ്റണം. വീടുകളിൽ നിന്നുള്ള മാലിന്യ ശേഖരണം, തരംതിരിക്കൽ, പുന:രുപയോഗം എന്നിവ നടപ്പാക്കാൻ ഒരുMicro-enterpriseവികസിപ്പിക്കണം.
- **അഗ്നിരക്ഷാ നിലയങ്ങൾ:** വടക്കഞ്ചേരി ഫയർ സ്റ്റേഷൻ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സാഹചര്യം മാറ്റി അവിടെ സ്വന്തമായി ഒരു പുതിയ കെട്ടിടം അടിയന്തരമായി നിർമ്മിക്കണം.
- **തോലനൂർ ഗവൺമെന്റ് കോളേജ്:**കഴിഞ്ഞ പത്തുവർഷമായി സ്വന്തമായി കെട്ടിടമില്ലാതെയാണ് ഈ കോളേജ് പ്രവർത്തിക്കുന്നത്. ഇതിന് വേണ്ട നടപടികൾ ദ്രുതഗതിയിൽ മുന്നോട് നീങ്ങണം.
- **പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ (PHCs):** ശോചനീയാവസ്ഥയിലായ എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളും യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിക്കണം. ഇത് പുതിയ സർക്കാരിന്റെയും എം.എൽ.എയുടെയും പ്രധാന മുൻഗണനകളിലൊന്നായിരിക്കണം.
- **ഞാവലിൻ കടവ് പാലം:** ലക്കിടി ഗ്രാമപഞ്ചായത്തിനെയും പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന ഞാവലിൻ കടവ് പാലം ആവശ്യമാണ്. ഇത് എത്രയും വേഗം നടപ്പാക്കണം.
- ഗ്രാമീണ റോഡുകൾ കടന്നുപോകുന്ന ചില പ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകാരണം നേരിടുന്ന റോഡ് പൂർത്തീകരണ പ്രശ്നം പരിഹരിക്കുക
- വന്യമൃഗ ശല്യം ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തുതല അതോറിറ്റി
- **അശാസ്ത്രീയമായ തടയണ നിർമ്മാണം** - ഗായത്രിപുഴ ഗതിമാറി ഒഴുകുന്ന അവസ്ഥയ്ക്ക് പരിഹാരം
- ജൽജീവൻ മിഷനുവേണ്ടി പൈപ്പ് കുഴിച്ചിട്ട റോഡുകളുടെ അറ്റകുറ്റപണി.
- അനധികൃത ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുക

- ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിന് തരൂരിലെ ഗ്രാമപഞ്ചായത്തുകൾ മാത്രം ഉൾപ്പെടുന്ന വിധത്തിൽ ബ്ലോക്ക് പഞ്ചായത്ത് രൂപീകരണം വിഭാവനം ചെയ്യുന്നു
- പൊലീസ് സ്റ്റേഷൻ, ഗ്രാമപഞ്ചായത്ത് ഓഫീസുകൾ, അങ്കണവാടികൾ എന്നിവ 'സ്മാർട്ട്' പദവി നിയോജക മണ്ഡലമായി തരൂരിനെ മാറ്റുക

## ഇടപെടൽ സാധ്യതകൾ

- വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ മോണിറ്ററിംഗ്
- സംസ്ഥാന സർക്കാർ മിഷൻ പ്രവർത്തനങ്ങളുടെ ഏകോപനം
- ജില്ലാ വികസന സമിതിക്ക് സമാനമായി നിയോജക മണ്ഡലതല വികസന സമിതി രൂപീകരണവും കർമ്മ പരിപാടി തയ്യാറാക്കലും
- നിയോജക മണ്ഡലത്തിലെ ഭരണപരമായ പ്രശ്നങ്ങൾക്ക് പരിഹാരം
- വനാവകാശ പ്രശ്നങ്ങൾക്ക് പരിഹാരം, വന്യജീവ അക്രമസംരക്ഷണ സഹായ പ്രവർത്തനം
- അരികുവൽക്കരിക്കപ്പെട്ടവരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിഷയ ങ്ങൾക്ക് പ്രത്യേക കർമ്മപരിപാടി
- റവന്യൂ അദാലത്തുകൾ - പട്ടയം, ഭൂരേഖ, നികുതി തുടങ്ങിയ പ്രശ്നങ്ങൾക്ക് പരി ഹാരം
- ഊർജ്ജസംരക്ഷണവും സോളാർവ്യാപനം, സീറോകാർബൺ ലക്ഷ്യസാക്ഷാത്കാരം
- ഹരിത ഗതാഗതത പ്രോത്സാഹന സാധ്യതകൾ
- പ്രകൃതിസംരക്ഷണവും, വനവൽക്കരണവും
- പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യ സംരക്ഷണം, ദുരന്ത നിവാ രണം എന്നിവയ്ക്കായി പ്രത്യേക കർമ്മ പദ്ധതി. സംസ്ഥാന ജൈവവൈവിധ്യ ബോർഡുമായി സഹകരിച്ച് പ്രാദേശികതലത്തിൽ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കി യിട്ടുള്ള ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ ക്രോഡീകരിച്ച് നിയമസഭാ മണ്ഡല തല ജൈവവൈവിധ്യ പരിപാലന കർമ്മ പദ്ധതി
- ജലസംരക്ഷണപ്രവർത്തനങ്ങൾക്കായി - Water Budget,Water Audit, Water Resource Mapping
- പ്രാദേശിക സർക്കാരുമായി സഹകരിച്ച് സംയുക്ത സംയോജിത പദ്ധതികൾ
- വനിതകളുടെയും കുട്ടികളുടെയും ശാക്തീകരണ പ്രവർത്തനത്തിന് ജെന്റർ പാർക്ക്
- സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കാര്യക്ഷമത ഉറപ്പുവരുത്തുക. പുതിയ വിഷയ മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ രൂപീകരിക്കാൻ മേൽനോട്ടം വഹിക്കുക
- ശുചിത്വപ്രവർത്തനങ്ങളുടെ ഏകോപനം
- പ്രാദേശിക സർക്കാർ വികസന പ്രവർത്തന ഏകോപനം
- അനിവാര്യഘട്ടത്തിൽ നിയമനിർമ്മാണ സാധ്യതകൾ കണ്ടെത്തുകയും നിയമ സഭയിൽ അവതരിപ്പിക്കുകയും അനുകൂല നിയമം ഉണ്ടാക്കുകയും ചെയ്യുക.
- നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് മേൽനോട്ടം

- തദ്ദേശജന പ്രതിനിധികളെയും ഗ്രാമസഭകളിൽ നിന്ന് രണ്ട് വീതം പ്രതിനിധികളെയും ഉൾപ്പെടുത്തി നിയമസഭ മണ്ഡലം **ജനസഭ** ആറ് മാസത്തിലൊരിക്കൽ സംഘടിപ്പിക്കുക
- നിയോജകമണ്ഡല സമ്പൂർണതയിലേക്ക് - പാർപ്പിടം, തരിശു രഹിത ജൈവകൃഷി മറ്റ് സാധ്യതാ മേഖലകൾ.
- വ്യവഹാര രഹിത മണ്ഡലം
- മണ്ഡലം വികസന പരിപ്രേക്ഷ്യം - ഹ്രസ്വകാല, ദീർഘകാല (25 വർഷം) പദ്ധതി രേഖ തയ്യാറാക്കുക.
- പ്രാദേശിക സാമ്പത്തിക പുരോഗതിക്ക് പ്രവാസികളുമായി സഹകരിച്ച് ലോക്കൽ ഇൻവെസ്റ്റ്മെന്റ് മീറ്റിലൂടെ വ്യവസായ സംരംഭകത്വ പ്രവർത്തനം ആവിഷ്ക്കരിക്കുക.

## Co-ordination Team

- **Rajiv Gandhi Institute of Development Studies**
  Dr P P Balan | Dr J B Rajan | Anilkumar P Y
- **Focus Group Discussions | Key Informant Interviews**
  Research Lead – Anand S Unni
  Research Associates – Sonal Kuruvila
  Research Analyst – Gouthamkumar R G
  Co-ordinator – Abdul Samad
  Field Investigators – Anas KA, Athul Srinivas T, Muthu V